بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 10

ലക്കം 47

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 നവംബർ 20 • ഹി.ശം 1404 നുബുവ്വത്ത് 20 • ഹി:ഖ 1446 ജമാദുൽ അവ്വൽ 28


## അല്ലാഹുവിന്റെ വചനം

وَقَضٰی رَبُّکَ اَلَّا تَعۡبُدُوۡۤا اِلَّاۤ اِیَّاہُ
وَبِالۡوَالِدَیۡنِ اِحۡسَانًا ؕ اِمَّا یَبۡلُغَنَّ عِنۡدَکَ
الۡکِبَرَ اَحَدُہُمَاۤ اَوۡ کِلٰہُمَا فَلَا تَقُلۡ لَّہُمَاۤ
اُفٍّ وَّلَا تَنۡہَرۡہُمَا وَقُلۡ لَّہُمَا قَوۡلًا کَرِیۡمًا ○

﴿سُوۡرَۃُ بَنِیۡۤ اِسۡرَآءِیۡلَ:24﴾

തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു; മാതാപിതാക്കളോടു നല്ലരീതിയിൽ പെരുമാറണമെന്നും. അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോടു ‘ഛെ’ എന്നു(പോലും)പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയും അരുത്. അവർ രണ്ടുപേരോടും മാന്യമായ വാക്ക് പറയുക.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

ഹദ്റത്ത് അബൂഹുറയ്റرضی اللہ عنہ നിവേദനം. അദ്ദേഹം പറഞ്ഞു: ഒരാൾ നബിﷺതിരുമേനിയുടെ തിരുസന്നിധിയിലെത്തി. അയാൾ ചോദിച്ചു:‘ജനങ്ങളിൽ എന്റെ സൽപ്പെരുമാറ്റത്തിന് കൂടുതൽ അർഹതപ്പെട്ടതാരാണ്? അവിടന്ന് പറഞ്ഞു:“നിന്റെ മാതാവ്.” വീണ്ടും അയാൾ ചോദിച്ചു:“ശേഷം ആരാണ്?”അവിടന്ന് പറഞ്ഞു:“നിന്റെ മാതാവ്.” വീണ്ടും അയാൾ ചോദിച്ചു: “പിന്നെ ആരാണ്?”അവിടന്ന് പറഞ്ഞു:“നിന്റെ പിതാവ്.” അതിനുശേഷം മറ്റു ചാർച്ചക്കാർ. നീയുമായുള്ള അവരുടെ ബന്ധത്തിന്റെ നിലയനുസരിച്ച്.”*(ബുഖാരി കിതാബുൽ അദബ്)(ഹദീഖത്തുസ്സ്വാലിഹീൻ, ഗ്രന്ഥകാർത്താവ്: മലിക് സയ്ഫുർറഹ്മാൻ സാഹിബ്رضی اللہ عنہ, ഹദീഥ് 394)*

## മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കളോടു നല്ലരീതിയിൽ പെരുമാറണമെന്നും അല്ലാഹു ആഗ്രഹിച്ചു.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്عليه السلامന്റെ ഉപദേശങ്ങൾ

മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കളോടു നല്ലരീതിയിൽ പെരുമാറണമെന്നും അല്ലാഹു ആഗ്രഹിച്ചു. യഥാർഥത്തിൽ എങ്ങനെയുള്ള പരിപാലനമാണ്. അതായത് മനുഷ്യൻ കുട്ടിയാകുന്നു. അപ്പോൾ ഒരു തരത്തിലുള്ള ശക്തിയും അവനുണ്ടാകുന്നില്ല. ആ അവസ്ഥയിൽ മാതാവ് എന്തെന്തെല്ലാം സേവനമാണ് ചെയ്യുന്നത്. പിതാവ് ആ അവസ്ഥയിൽ മാതാവിന്റെ ക്ലേശകരമായ യജ്ഞങ്ങളിൽ എങ്ങനെയാണ് സഹായിയായി മറുന്നത്. അല്ലാഹു തന്റെ അനുഗ്രഹമൊന്നുകൊണ്ടു മാത്രം നിരാലംബരായ സൃഷ്ടികളുടെ സംരക്ഷണത്തിന് രണ്ട് അവസരം സൃഷ്ടിച്ചിരിക്കുന്നു. തന്റെ സ്നേഹത്തിന്റെ പ്രകാശങ്ങൾകൊണ്ടു സ്നേഹത്തിന്റെ ഒരു ചിറക് അവരിലിട്ടു. എന്നാൽ, മാതാപിതാക്കളുടെ സ്നേഹം താൽക്കാലികമാണെന്ന് ഓർക്കേണ്ടതാണ്. അല്ലാഹുവിന്റെ സ്നേഹം യഥാർഥമാണ്. അല്ലാഹുവിൽനിന്ന് സ്നേഹം മനസ്സുകളിൽ ഇടപ്പെടാത്തിടത്തോളം ഒരു മനുഷ്യനും അത് സ്നേഹിതനായാലും അല്ലെങ്കിൽ അതേ പദവിയിലുള്ള ആരായാലും അല്ലെങ്കിൽ ഭരണാധികാരിയായാലും ആരേയും സ്നേഹിക്കാൻ സധിക്കുകയില്ല. ഇത് അല്ലാഹുവിന്റെ സമ്പൂർണമായ പരിപാലനത്തിന്റെ രഹസ്യമാണ്. അതായത് മാതാപിതാക്കൾ കുട്ടികളെ എങ്ങനെ സ്നേഹിക്കുന്നുവെന്നാൽ അവരുടെ സംരക്ഷണത്തിൽ എല്ലാ തരത്തിലുള്ള ദുഃഖവും സന്തോഷത്തോടെ വഹിക്കുന്നു.എത്രത്തോളമെന്നാൽ, അവരുടെ ജീവിതത്തിനുവേണ്ടി മരിക്കാൻപോലും മടിക്കുകയില്ല.(റൂഇദാദ് ജൽസ ദുആ പേജ് 11)

**ഫലാ തഖുൽല്ലഹുമാ ഉഫ്ഫിൻ വ്വലാ തൻഹർഹുമാ വ ഖുൽല്ലഹുമാ ഖൗലൻ കരീമൻ** അതായത് നിന്റെ മാതാപിതാക്കളോടു കയർത്തു സംസാരിക്കരുത്. അവരുടെ ആദരവിന് ക്ഷതം തട്ടുന്ന ഒന്നുതന്നെ പറയരുത്. ഈ വചനത്തിന്റെ സംബോധിതൻ നബിﷺതിരുമേനിയാണ്. പക്ഷേ, യഥാർഥത്തിൽ അതു മടങ്ങുന്നത് ഉമ്മത്ത് അഥവാ മുസ്‌ലിം സമുദായത്തിലേക്കാണ്. എന്തുകൊണ്ടെന്നാൽ നബിﷺതിരുമേനിയുടെ മാതാപിതാക്കൾ അവിടത്തെ കുട്ടിക്കാലത്തുതന്നെ വഫാത്തായിക്കഴിഞ്ഞിരുന്നു. ഈ കൽപ്പനയിൽ ഒരു രഹസ്യവുമുണ്ട്. അതിതാണ്, ഈ ആയത്തിൽനിന്ന് ഒരു ബുദ്ധിമാന് മനസ്സിലാക്കാൻ കഴിയും, നബിﷺതിരുമേനിയോടു നീ നിന്റെ മാതാപിതാക്കളെ ആദരിക്കുകയും എല്ലാ ഓരോ സംസാരത്തിലും അവരോടു ആദരവിന്റെ നില ഉൾക്കൊള്ളുകയും ചെയ്യുക എന്നു പറയുമ്പോൾ മറ്റുള്ളവർ തങ്ങളുടെ മാതാപിതാക്കളെ എത്രമാത്രം ബഹുമാനിക്കേണ്ടതാണ്. അതിലേക്കാണ് ഈ രണ്ടാമത്തെ വചനം സൂചിപ്പിക്കുന്നത്: വ ഖളാ റബ്ബുക്ക അല്ലാ തഅ്ബുദു ഇല്ലാ ഇയ്യാഹു വബിൽവാലിദയ്നി ഇഹ്സാനൻ അതായത് നിന്റെ റബ്ബ് ആഗ്രഹിച്ചിരിക്കുന്നു, നീ അവനെ മാത്രം ആരാധിക്കുകയും മാതാപിതാക്കളോടു നന്മ പ്രവർത്തിക്കുകയും ചെയ്യണമെന്ന്. ഈ ആയത്തിൽ ബിംബാരാധകർക്ക് മനസ്സിലാക്കിക്കൊടുത്തിരിക്കുകയാണ്, ബിംബം ഒരു വസ്തുവുമല്ലെന്ന്! നിങ്ങൾക്കുമേൽ ബിംബങ്ങളുടെ ഒരു ഔദാര്യവുമില്ല. അവർ നിങ്ങളെ സൃഷ്ടിച്ചിട്ടില്ല. നിങ്ങളുടെ കുട്ടിക്കാലത്ത് അവർ നിങ്ങളുടെ സംരക്ഷകരുമായിരുന്നില്ല. അവനെയല്ലാതെ മറ്റാരെയെങ്കിലും

ശേഷം പേജ് 9 ൽ

## ഇസ്‌ലാം മാതാപിതാക്കൾക്ക് സേവനം ചെയ്യാൻ പ്രത്യേകം ഉപദേശങ്ങൾ നല്കി.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضی اللہ عنہസൂറത്ത് ബനീഇസ്റായീലിലെ 24-ാം വചനമായ ***വ ഖളാ റബ്ബുക്ക അല്ലാ തഅ്ബുദു ഇല്ലാ ഇയ്യാഹു വബിൽവാലിദയ്നി ഇഹ്സാനൻ ഇമ്മാ യബ്ലുഗന്ന യിൻദക്കൽ ഖിബറ അഹദുഹുമാ ഔ കിലാഹുമാ ഫലാതഖുല്ലഹുമാ ഉഫ്ഫിൻ വ്വലാ തൻഹർഹുമാ വ ഖുല്ലഹുമാ ഖൗലൻ കരീമൻ*** (17:24)

തന്നെയല്ലാതെ മറ്റാരേയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കിയിരിക്കുന്നു; മാതാപിതാക്കളോടു നല്ലരീതിയിൽ പെരുമാറണമെന്നും. അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടുപേരുമോ നിന്റെയടുക്കൽ വാർധക്യം പ്രാപിക്കുകയാണെങ്കിൽ നീ അവരോടു ‘ഛെ’ എന്നു(പോലും)പറഞ്ഞുപോകരുത്. നീ അവർ രണ്ടുപേരോടും കയർത്തു സംസാരിക്കുകയുമരുത്. അവർ രണ്ടുപേരോടും മാന്യമായ വാക്ക് പറയുക. എന്നതിനെഴുതിയ വ്യാഖ്യാനത്തിൽ പറയുന്നു:അതിനാൽ തൗഹീദ് അഥവാ ഏകദൈവവിശ്വാസത്തിനുശേഷം മാതാപിതാക്കളോടു നല്ലരീതിയിൽ പെരുമാറണമെന്നും കൽപ്പിച്ചിരിക്കുന്നു. കാരണം ഒരു നന്മയുടെ ആദരവ് മറ്റു നന്മയുടെ ആദരവിലേക്കും ശ്രദ്ധതിരിക്കുന്നു.

വബിൽവാലിദയ്നി ഇഹ്സാനൻ ഇതിന്റെ ***അത്വ്ഫ്***(മടക്കൽ)‘അൻ’ എന്നതിലേക്കാണ്. പൂർണമായ വാക്യം ഇങ്ങനെയാണ്: അൻ അഹ്സിനൂ ബിവാലിദയ്നി ഇഹ്സാനൻ അതായത് അല്ലാഹു നല്കിയ ഒരു കൽപ്പന അല്ലാഹുവിന് പുറമെ ആരേയും ദൈവമാക്കരുതെന്നാണ്. ഒന്ന് മാതാപിതാക്കളോടു നന്മ പ്രവർത്തിക്കുക എന്നതാണ്. ഈ വാക്യത്തിൽ എത്രമാത്രം സൂക്ഷ്മമായ രീതിയാണ് അവലംബിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ ഔദാര്യങ്ങൾക്ക് പകരം നൽകാൻ മനുഷ്യന് സാധിക്കുകയില്ല. അതുകൊണ്ട് അല്ലാഹുവിന്റെ സ്മരണയിൽ നന്മചെയ്യാൻ നിങ്ങൾക്കു സാധിക്കുകയില്ല, അതിനാൽ അക്ര

ശേഷം പേജ് 8 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**നബിﷺതിരുമേനി അദിയ്യ് ബിൻ ഹാത്തിമിനോടു പറഞ്ഞു: 'അദിയ്യേ! ഒരുപക്ഷേ, മുസ്‌ലിമീങ്ങളുടെ ദാരിദ്ര്യം താങ്കളെ ഈ മതത്തിൽ ചേരുന്നതിൽനിന്ന് തടയുന്നുണ്ടാകും. അല്ലാഹുവാണെ സത്യം! പെട്ടെന്നുതന്നെ ധനം ഒഴുകിയെത്തും, അത് സ്വീകരിക്കാൻ ആളെ കിട്ടാത്ത അവസ്ഥയുണ്ടാകും. ഒരുപക്ഷേ, അവരുടെ ശത്രുക്കളുടെ ആധിക്യം നിങ്ങളെ ഈ മതത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യും. അല്ലാഹുവാണെ സത്യം, ഹീറയിൽ(ഇറാഖിലെ ഒരു നഗരം)നിന്ന് ഒരു സ്ത്രീ ഒറ്റയ്ക്ക് തന്റെ ഒട്ടകപ്പുറത്ത് പുറപ്പെട്ട് കഅ്ബ സന്ദർശിക്കുന്നത് താങ്കൾ കേൾക്കും, അവൾക്ക് ഒരു ഭയവുമുണ്ടാകില്ല. ഒരുപക്ഷേ, ഈ മതത്തിൽ ചേരുന്നതിൽനിന്ന് ഭരണാധികാരവും അധികാരവും അന്യരുടെ കൈയിലാണെന്ന ചിന്ത താങ്കളെ തടയുന്നുണ്ടാകും. അല്ലാഹുവാണെ സത്യം! താങ്കൾ പെട്ടെന്നുതന്നെ ബാബിലോൺ പ്രദേശത്തെ വെള്ളക്കൊട്ടാരങ്ങൾ അവർക്കായി തുറക്കപ്പെട്ടതിനെക്കുറിച്ചും കിസ്റയുടെ നിധികൾ തുറക്കപ്പെട്ടതിനെക്കുറിച്ചും കേൾക്കും. നബിﷺതിരുമേനി ഇത് മൂന്നു തവണ ആവർത്തിച്ചു.**

**തബൂക് യുദ്ധത്തിന്റെ അടിസ്ഥാനപരമായ കാരണം മനസ്സിലാകുന്നത് ഇതാണ്: മക്കാവിജയത്തിനും, ഹുനയ്ൻ യുദ്ധത്തിൽ ഏറ്റവും ശക്തരായ ബനൂ ഹവാസിനെ കനത്ത തോൽവിക്ക് വിധേയമാക്കിയതിനും ശേഷം, അറേബ്യയുടെ ചുറ്റുമുള്ള ഗോത്രങ്ങളിൽ മുസ്‌ലിമീങ്ങൾക്ക് ആധിപത്യം ലഭിച്ചു. ഇത് കണ്ടപ്പോൾ ജൂതന്മാരും ക്രിസ്ത്യാനികളും കപടവിശ്വാസികളും വീണ്ടും സംഘടിച്ചു. തങ്ങളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ, അവർ അക്കാലത്തെ ലോകശക്തിയായ റോമൻ ചക്രവർത്തിയോടു സഹായം തേടാൻ തീരുമാനിച്ചു. ഇതിനുവേണ്ടി അവർ വളരെ ഭയാനകമായ പദ്ധതി ആസൂത്രണം ചെയ്തു.**

**മക്ക വിജയത്തിനുശേഷമുണ്ടായ ചില സരിയ്യത്തുകളുടേയും തബൂക് യുദ്ധത്തിന്റേയും പശ്ചാത്തലത്തിൽ നബിചരിത്രത്തിന്റെ പരിശുദ്ധ വിവരണം.**
**ഇപ്രകാരംതന്നെ**
**റബ്‌വയിൽ മസ്ജിദ് മഹ്ദിയുടെമേലുണ്ടായ ആക്രമണത്തിന്റെ സംക്ഷിപ്ത വിവരണം.**

**അല്ലാഹു ഈ ഭീകരവാദികളേയും നിയമം ലംഘിക്കുന്നവരേയും ജമാഅത്തിന്റെ ശത്രുക്കളേയും എത്രയും വേഗം പിടിക്കുമാറാകട്ടെ......അല്ലാഹു ഈ ഭരണകൂടങ്ങൾക്ക് ബുദ്ധി നൽകുമാറാകട്ടെ, എത്രയും വേഗം അല്ലാഹു ജമാഅത്തിന്റെ കാര്യത്തിൽ തന്റെ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുമാറാകട്ടെ.**

**ഖുത്വ്ബ ജുമുഅ 2025 ഒക്ടോബർ 10, 1404 അഖാഅ് 10 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○

اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ اَلرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَ اِیَّاکَ نَسْتَعِیْنُ ○

اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

മക്കാവിജയം കഴിഞ്ഞ് മദീനയിൽ തിരിച്ചെത്തിയതിനുശേഷവും ചില സൈനിക നീക്കങ്ങൾ നബിﷺതിരുമേനിക്ക് നടത്തേണ്ടതായി വന്നു. അവയെക്കുറിച്ചാണ് ഞാൻ പറയുന്നത്.

ഖയ്സ് ബിൻ സഅ്ദ് ബിൻ ഉബാദയുടെ നടപടിനീക്കമാണൊന്ന്. ഹിജ്റ എട്ടാം വർഷം സ്വദാഅ് ഗോത്രത്തിലേക്ക് നടന്ന ദൗത്യമാണിത്. നബിﷺതിരുമേനി ജിഅ്റാനയിൽനിന്ന് മദീനയിൽ തിരിച്ചെത്തിയ ശേഷം ഇസ്‌ലാമിക പ്രബോധനത്തിന് വിവിധ പ്രദേശങ്ങളിലേക്ക് സൈന്യങ്ങളെ അയച്ചു. യമൻ തലസ്ഥാനമായ സ്വൻആഇലേക്ക് മുഹാജിർ ബിൻ അബീ ഉമയ്യയെയും, ഹളർമൗത്തിലേക്ക് സിയാദ് ബിൻ ലബീദിനെയും അയച്ചു. ഖയ്സ് ബിൻ സഅ്ദിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ തയ്യാറാക്കുകയും ചെയ്തു. നബിﷺതിരുമേനി നാന്നൂറ് ആളുകളുമായി ഖയ്സ് ബിൻ സഅ്ദിനെ യമനിലെ സ്വൻആഅ് ഗോത്രത്തിലേക്ക് ഇസ്‌ലാമിന്റെ സന്ദേശം നൽകാൻ അയച്ചു. സ്വദാഅ് ഗോത്രവുമായി യുദ്ധം ചെയ്യാൻ നബിﷺതിരുമേനി കൽപ്പിച്ചുവെന്ന് മറ്റൊരു അഭിപ്രായവുമുണ്ട്. ഈ രണ്ടാമത്തെ വിവരമാണ് ശരിയെങ്കിൽ(ആദ്യത്തെ നിവേദനമാണ് ശരിയായി തോന്നുന്നത്)ആ ഗോത്രത്തിൽ നിന്ന് മുസ്‌ലിമീങ്ങൾക്ക് ഉപദ്രവമുണ്ടാകാൻ പോകുന്നുവെന്ന വിവരം നബിﷺതിരുമേനി അറിഞ്ഞിരിക്കണം. അതിനാലാണ് ഇത്തരമൊരു നടപടി അവിടന്ന് കൈക്കൊണ്ടത്. നബിﷺതിരുമേനി ഈ ദൗത്യത്തിന് ഒരു വെളുത്ത പതാകകെട്ടുകയും ഒരു കറുത്ത കൊടി ഖയ്സ് ബിൻ സഅ്ദിന് നൽകുകയും ചെയ്തു. അവർ ഖനാത്ത് താഴ്‌വരയുടെ ഒരു ഭാഗത്ത് താവളമടിച്ചു. മദീനയുടെയും ഉഹുദിന്റെയും ഇടയിലുള്ള മൂന്ന് താഴ്‌വരകളിൽ പ്രസിദ്ധമായൊരു താഴ്‌വരയാണ് ഖനാത്ത്. ഹദ്റത്ത് ഖയ്സ്, ഖസ്റജ് ഗോത്രത്തലവനായ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ മകനും പ്രമുഖ സ്വഹാബിമാരിൽ ഒരാളുമായിരുന്നു. മക്കാവിജയ സമയത്ത് നബിﷺതിരുമേനി സഅ്ദ് ബിൻ ഉബാദയിൽനിന്ന് പതാക തിരികെ വാങ്ങിയപ്പോൾ ഈ മകനാണ് അത് നൽകിയത്. അദ്ദേഹം ദീർഘവീക്ഷണമുള്ളയാളും ധീരനായ കുതിരപ്പടയാളിയുമായിരുന്നു. പരോപകാരത്തിലും അദ്ദേഹം പ്രസിദ്ധനായിരുന്നു.

ഹദ്റത്ത് ഖയ്സ് ഖനാത്തിൽ തമ്പടിച്ചിരിക്കുമ്പോൾ, സുദാഅ് ഗോത്രത്തിലെ സിയാദ് ബിൻ ഹാരിഥ് അതുവഴി കടന്നുപോയി. ഇദ്ദേഹം കുറച്ചുമുമ്പേ ഇസ്‌ലാം സ്വീകരിച്ചിരുന്നു. തന്റെ ഗോത്രത്തെ ആക്രമിക്കാൻ വേണ്ടിയാണ് ഈ സൈന്യം പോകുന്നതെന്ന് മനസ്സിലാക്കിയപ്പോൾ അദ്ദേഹം ആശ്ചര്യപ്പെടാതിരുന്നത് എന്തുകൊണ്ടായിരിക്കാം? ഈ ഗോത്രം മുസ്‌ലിമീങ്ങളെ ഉപദ്രവിക്കാൻ ആഗ്രഹിക്കുന്നുവെന്നും, അതിനുള്ള മറുപടിയാണ് ഇതെന്നും അദ്ദേഹത്തിന് തീർച്ചയായും അറിയാമായിരുന്നു. ഏതായാലും തന്റെ ഗോത്രം ആക്രമിക്കപ്പെടാൻ പോകുകയാണെന്നറിഞ്ഞ അദ്ദേഹം അവിടെനിന്ന് നേരെ നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി ഇങ്ങനെ അഭ്യർഥിച്ചു: 'അങ്ങ് അയച്ച സൈന്യത്തെ തിരികെ വിളിച്ചാലും. എന്റെ സമുദായത്തിന്റെ കാര്യത്തിൽ ഞാൻ ഉറപ്പു തരാം. അവർ ഇസ്‌ലാം സ്വീകരിക്കുന്നതാണെന്ന് ഞാൻ വാക്കുതരുന്നു.' അതായത് അവർ മുസ്‌ലിമീങ്ങളെ ആക്രമിക്കുകയില്ലെന്നും അവർക്ക് കൊട്ടമൊന്നും വരുത്തുകയില്ലെന്നുമാണ് ഒന്നാമത്തെ ഉറപ്പ്. രണ്ടാമത്തെ ഉറപ്പ്, അവർ ക്രമേണ ഇസ്‌ലാം സ്വീകരിച്ചുകൊള്ളും എന്നതായി

രുന്നു. നബിﷺതിരുമേനി അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിച്ച് സൈന്യത്തെ തിരികെ വിളിച്ചു. നബിﷺതിരുമേനി സൈന്യത്തെ അയച്ചത് പ്രദേശങ്ങൾ വെട്ടിപ്പിടിക്കാനോ, ജനങ്ങളെ കീഴ്പ്പെടുത്താനോ ആയിരുന്നില്ലെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. പ്രത്യുത ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാനായിരുന്നു അവരെ അയച്ചത്. മുസ്‌ലിമീങ്ങളുടെ സംരക്ഷണമായിരുന്നു ലക്ഷ്യം. സിയാദ് ബിൻ ഹാരിഥ് താൻ ചെയ്ത വാഗ്ദാനം ചെയ്തു കാണിച്ചു. ആ ഗോത്രത്തിലെ ആളുകൾ ക്രമേണ ഇസ്‌ലാം സ്വീകരിച്ചുകൊണ്ടിരുന്നു. നിർബന്ധിച്ച് മതം മാറ്റാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിൽ, ക്രമേണ ക്രമേണ മനസ്സിലാക്കി ഇസ്‌ലാം സ്വീകരിക്കാൻ അനുവാദം നൽകുമായിരുന്നില്ല.ഒന്നുകിൽ ഇസ്‌ലാം സ്വീകരിക്കുക, അല്ലെങ്കിൽ വാളെടുത്തുകൊള്ളുക എന്ന് തീർത്തും പറയുമായിരുന്നു. ഏതായാലും അതിനുശേഷം അദ്ദേഹം ക്രമേണ തബ്‌ലീഗ് ചെയ്തപ്പോൾ അവർ ഇസ്‌ലാം സ്വീകരിച്ചു. എന്തെന്നാൽ ആക്രമിച്ചും ബലം പ്രയോഗിച്ചും മുസ്‌ലിമാക്കുക എന്നത് ഇസ്‌ലാമിക അധ്യാപനങ്ങൾക്കെതിരാണ്. നബിﷺതിരുമേനിയുടെ തിരുചര്യയ്ക്കുമെതിരാണത്. അവർ ഇസ്‌ലാം സ്വീകരിച്ചതോടെ നബിﷺതിരുമേനി ഹദ്റത്ത് സിയാദിനെത്തന്നെ അവരുടെ അമീറായി നിയമിച്ചു. കൂടാതെ, ആ ഗോത്രക്കാർക്ക് ഒരു സുരക്ഷാ പത്രികയും എഴുതി നൽകിയിരുന്നു.*(ശറഹ് അൽ അലാമത്തിസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ വാള്യം 4, പേജ് 28-29, ദാറുൽകുതുബുൽ ഇൽമിയ്യ 1996)(സുബുലുൽഹുദാ വർറശാദ്, വാള്യം 6, പേജ് 349-350, വാള്യം 5 പേജ് 222, ദാറുൽകുതുബുൽ ഇൽമിയ്യ 1993) (നൂറുൽ യഖീൻ ഫീ സീറത്തി സയ്യിദുൽ മുർസലീൻ പേജ് 247, അൽമക്തബത്തുൽ അസ്‌രിയ്യ ലിത്ത്വബാഅത്തി വന്നശ്‌രി 2000) (ഫർഹങ്കെ സീറത്ത് പേജ് 239, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺവാള്യം 9, പേജ് 387-389, ബസം ഇഖ്ബാൽ, ലാഹോർ)*

മുസ്‌ലിമീങ്ങളാകുന്നവർക്ക് സുരക്ഷാപത്രിക എഴുതിക്കൊടുക്കേണ്ട ആവശ്യമില്ലായിരുന്നു. അതിനാൽ, അവരിൽ ചിലർ അപ്പോഴും മുസ്‌ലിമീങ്ങളാകാത്തതിനാലാണ് അതെഴുതിയത്.

ബനൂതമീം ഗോത്രത്തിലേക്ക് ഉയയ്നഹ് ബിൻ ഹിസ്ൻ ഫസാരിയുടെ സൈനിക നീക്കം.

ഇതിന്റെയും വിവരണം ലഭിക്കുന്നുണ്ട്. ഹിജ്റ ഒൻപതാം വർഷം മുഹർറ മാസത്തിൽ ബനൂ തമീം ഗോത്രത്തിന്നെതിരെ ഹദ്റത്ത് ഉയയ്നഹ് ബിൻ ഹിസ്വനിന്റെ നേതൃത്വത്തിൽ ഈ സരിയ്യത്ത് നടന്നു. ഇതിന്റെ പശ്ചാത്തലം ഇതാണ്: നബിﷺതിരുമേനി ഹദ്റത്ത് ബിശ്ർ ബിൻ സുഫിയാനെ ഖുസാഅ ഗോത്രത്തിലെ ബനൂ കഅ്ബ് ശാഖയിലേക്ക് സകാത്ത് (സ്വദഖാത്ത്) ശേഖരിക്കാൻ അയച്ചു. ഇവർ സുഖ്‌യാഅ്നും ബനൂതമീമിന്റെ പ്രദേശത്തിനും ഇടയിലാണ് താമസിച്ചിരുന്നത്. അങ്ങനെ ഹദ്റത്ത് ബിശ്ർ ബിൻ സുഫിയാനിന്റെ നിർദ്ദേശപ്രകാരം ബനൂഖുസാഅക്കാരുടെ സക്കാത്ത് എല്ലാ ഭാഗത്തു നിന്നും ശേഖരിക്കാൻ തുടങ്ങി. അപ്പോൾ മുസ്‌ലിമീങ്ങളല്ലാത്ത ബനൂതമീം ഗോത്രക്കാർക്ക് ഈ ധനം കൂടുതലായി തോന്നി. 'അയാളെന്തിനാണ് നമ്മുടെ ധനം അന്യായമായി എടുക്കുന്നതെന്ന് ചോദിച്ചുകൊണ്ട് അവർ വാളുകളെടുത്തു. ഖുസാഅ ഗോത്രക്കാർ പറഞ്ഞു: 'ഞങ്ങൾ ഇസ്‌ലാം സ്വീകരിച്ചു, ഇത് ഞങ്ങളുടെ മതത്തിലെ കൽപ്പനയാണ്, ഞങ്ങൾ നൽകുന്നതിൽ നിങ്ങൾക്കെന്താണ് പ്രശ്നം?' എന്നാൽ, 'ഈ ബിശ്ർ ബിൻ സുഫിയാന് ഒരു ഒട്ടകത്തിന്റെ അടുത്തുപോലുമെത്താൻ കഴിയില്ലെന്ന് ബനൂ തമീം ഗോത്രക്കാർ പറഞ്ഞു. ഈ തർക്കവും കലഹവും കണ്ടപ്പോൾ ബിശ്ർ ബിൻ സുഫിയാൻ സക്കാത്തൊന്നും ശേഖരിക്കാതെ മടങ്ങിപ്പോയി. ഇത് ഖുസാഅ ഗോത്രക്കാർക്ക് വലിയ വിഷമമുണ്ടാക്കി. അവർ ബനൂ തമീമിനെ ആക്രമിക്കുകയും അവരെ അവിടെനിന്ന് പുറത്താക്കുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: 'നിങ്ങൾ ഞങ്ങളുടെ ബന്ധുക്കളായിരുന്നില്ലെങ്കിൽ നിങ്ങൾക്ക് സ്വന്തം നഗരങ്ങളിലെത്താൻ കഴിയുമായിരുന്നില്ല. ഇപ്പോൾ നിങ്ങൾ സക്കാത്ത് തടഞ്ഞതിനാൽ നബിﷺതിരുമേനിയുടെ ഭാഗത്തുനിന്ന് ഞങ്ങൾക്ക് ഒരു പരീക്ഷണം നേരിടേണ്ടി വരും. നിങ്ങൾ നബിﷺതിരുമേനിയുടെ പ്രതിനിധിയെ അവഗണിക്കുകയും നമ്മുടെ സമ്പത്തിന്റെ സക്കാത്ത് വാങ്ങുന്നത് തടയുകയും ചെയ്തിരിക്കുന്നു' എന്നും ഖുസാഅ ഗോത്രം പറഞ്ഞു.

മറുഭാഗത്ത്, ഹദ്റത്ത് ബിശ്ർ ബിൻ സുഫിയാൻ നബിﷺതിരുമേനിയുടെ അടുത്തുവന്ന് കാര്യങ്ങൾ അറിയിച്ചു. നബിﷺതിരുമേനി ചോദിച്ചു: 'ഈ ഗോത്രത്തെ ആരാണ് ഒരു പാഠം പഠിപ്പിക്കുക?' ആദ്യമേതന്നെ ഹദ്റത്ത് ഉയയ്നഹ് ബിൻ ഹിസ്ൻ ലബ്ബയ്ക്ക് പറഞ്ഞു. നബിﷺതിരുമേനി അമ്പത് കുതിരപ്പടയാളികളോടൊപ്പം ഹദ്റത്ത് ഉയയ്നഹ് ബിൻ ഹിസ്നെ ബനൂ തമീമിന്റെ അടുത്തയച്ചു. ഈ സംഘത്തിൽ മുഹാജിറുകളോ അൻസ്വാറോ ആരുമുൾപ്പെട്ടിരുന്നില്ല. ഉയയ്നഹ് തന്റെ സംഘക്കാരുമായി രാത്രി യാത്ര ചെയ്യുകയും പകൽ ഒളിഞ്ഞിരിക്കുകയും ചെയ്തു. അങ്ങനെ അവർ ബനൂതമീം തമ്പടിക്കുകയും കന്നുകാലികളെ മേയ്ക്കുകയും ചെയ്യുന്ന മരുഭൂമിയിലെത്തി. ഈ സൈന്യത്തെ കണ്ടപ്പോൾ ബനൂതമീം എല്ലാമുപേക്ഷിച്ച് ഓടിപ്പോയി. അവരുടെ പതിനൊന്ന് പുരുഷന്മാരെയും പതിനൊന്ന് സ്ത്രീകളെയും മുപ്പത് കുട്ടികളെയും ബന്ദികളാക്കി മദീനയിൽ കൊണ്ടുവന്നു. നബിﷺതിരുമേനിയുടെ കൽപ്പനപ്രകാരം ഇവരെ ഹദ്റത്ത് റംല ബിൻത് ഹാരിഥിന്റെ വീട്ടിൽ താമസിപ്പിച്ചു.*(സുബുലുൽഹുദാ വർറശാദ്, വാള്യം 6, പേജ് 212, ദാറുൽകുതുബുൽ ഇൽമിയ്യ 1993)*

പിന്നീട്, ബനൂതമീമിലെ എൺപതോ തൊണ്ണൂറോ പ്രമുഖർ അടങ്ങുന്ന ഒരു പ്രതിനിധി സംഘം നബിﷺതിരുമേനിയുടെ അടുത്തുവന്നു. ആ സംഘത്തിൽ ഗോത്രത്തിലെ പ്രഗത്ഭരായ കവികളും പ്രഭാഷകരുമുണ്ടായിരുന്നു. ളുഹ്ർ നമസ്കാരത്തിന് നബിﷺതിരുമേനിയെ കാത്തിരിക്കുമ്പോൾ അവർ മസ്ജിദിലെത്തി. നബിﷺതിരുമേനി താമസിക്കുന്നുവെന്ന് കരുതി, അവരിൽ ചിലർ അവിടത്തെ മുറിയുടെ അടുത്തുപോയി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'മുഹമ്മദേ!ﷺ, പുറത്തിറങ്ങി ഞങ്ങളുടെ അടുത്ത് വരൂ.' നബിﷺതിരുമേനി പുറത്തുവന്ന് അവരുമായി സംസാരിച്ചു. ശേഷം അവിടന്ന് ളുഹ്ർ നമസ്കാരം നിർവഹിച്ചു. നമസ്കാരത്തിനുശേഷം മസ്ജിദിന്റെ മുറ്റത്തിരുന്നു. പ്രതിനിധി സംഘത്തിന്റെ നേതാവ് പറഞ്ഞു: 'ഞങ്ങൾ കവിതയിലും പ്രഭാഷണത്തിലും അങ്ങയുമായി മത്സരിക്കാനാഗ്രഹിക്കുന്നു. മികച്ച കവികളും വാഗ്മികളും ഉണ്ടെന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'കവിതയിലും വാഗ്മിത്വത്തിലും അഭിമാനം കൊള്ളുകയല്ല എന്റെ നിയോഗ ലക്ഷ്യം. കവിതയും പ്രഭാഷണവും വാഗ്വൈഭവവും അഭിമാനപൂർവം അവതരിപ്പിക്കാനല്ല ഞാൻ വന്നത്. അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നതാണ് എന്റെ ലക്ഷ്യം. എങ്കിലും, നിങ്ങൾ അതിനാണ് വന്നതെങ്കിൽ, നിങ്ങൾ നിങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ചോളൂ. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഞങ്ങൾ അതിന് മറുപടി നൽകാം.' പ്രതിനിധി സംഘം ഖത്വീബ് അത്വാരിദ് ബിൻ ഹാജിബിനെ മുന്നോട്ട് നിറുത്തി. അദ്ദേഹം പ്രസംഗിച്ചു. നബിﷺതിരുമേനി അതിന് മറുപടി പറയാൻ ഹദ്റത്ത് ഥാബിത് ബിൻ ഖയ്സ് ബിൻ ശമ്മാസിനോട് പറഞ്ഞു. അദ്ദേഹം മികച്ച നിലയിൽ പ്രസംഗം നടത്തി, അത് ശത്രുവിന്റെ പ്രസംഗത്തെ അതിജയിച്ചു.*(താരീഖുൽ ഖുമയ്സ് വാള്യം 3, പേജ് 4, ബഅഥ ഉയയ്നഹ് ബിൻ ഹിസ്ൻ ഇലാ ബനീ തമീം,ദാറുൽകുതുബുൽ ഇൽമിയ്യ 2009)*

ആ സമയത്ത് ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത് സദസ്സിലുണ്ടായിരുന്നില്ല. നബിﷺതിരുമേനി അദ്ദേഹത്തെ വിളിപ്പിച്ചു. അതിനുശേഷം, പ്രതിനിധി സംഘത്തിലെ കവിയായ സിബർഖാൻ ബിൻ ബദ്ർ തന്റെ കവിതകൾ അവതരിപ്പിച്ചു. അപ്പോൾ നബിﷺതിരുമേനി ഹസ്സാനോട് ആ കവിതകൾക്ക് മറുപടിയായി തന്റെ കവിതകൾ കേൾപ്പിക്കാൻ പറഞ്ഞു. ഹദ്റത്ത് ഹസ്സാൻ അതിന് കാലാനുരൂപമായ മറുപടി നൽകി. *(സീറത്ത് ഇബ്നു കഥീർ, കിതാബുൽവുഫൂദ് അൽവാരിദീൻ ഇലാ റസൂലില്ലാഹിﷺ, വാള്യം 4, പേജ് 81, ദാറുൽമഅ്രിഫ 1976) (അൽബദായ വന്നിഹായ, വാള്യം 5, പേജ് 45-46, ദാറുൽകുതുബുൽ ഇൽമിയ്യ 2001)*ഹദ്റത്ത് ഹസ്സാൻ കവിത നിറുത്തിയപ്പോൾ, പ്രതിനിധി സംഘത്തിലെ അംഗങ്ങൾ പരസ്പരം കൂടിയിരുന്ന് സംസാരിച്ചു. അവരോടൊപ്പം വന്ന അഖ്റഅ് ബിൻ ഹാബിസ് ആത്മാർഥമായ നിലയിൽ ഒരു വിലയിരുത്തൽ നടത്തി: 'അവരുടെ പ്രഭാഷകൻ ഞങ്ങളുടെ പ്രഭാഷകനേക്കാൾ മികച്ചവനാണ്, അവരുടെ കവി ഞങ്ങളുടെ കവിയേക്കാൾ എത്രയോ ഉന്നതനാണ്. അവർ നമ്മളേക്കാൾ എത്രയോ മുന്നിലാണ്.' പിന്നീട്

എല്ലാംവരും പോയപ്പോൾ അവർ ഇസ്‌ലാം സ്വീകരിച്ചു. ചില നിവേദനങ്ങളനുസരിച്ച്, ഹദ്റത്ത് അഷ്അ്ബിൻ ഹാബിസ് കുറച്ചുമുമ്പേ ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞതാണ്. അദ്ദേഹം പ്രതിനിധി സംഘത്തോടൊപ്പം വീണ്ടും വന്നതായിരുന്നു. ബനൂതമീം ഇസ്‌ലാം സ്വീകരിച്ചശേഷം, നബിﷺതിരുമേനി അവരുടെ ബന്ദികളെ തിരികെ നൽകുകയും എല്ലാവർക്കും പാരിതോഷികങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. ഒരു നിവേദനമനുസരിച്ച്, പ്രതിനിധി സംഘത്തിലെ ഓരോ വ്യക്തിക്കും അഞ്ഞൂറ് ദിർഹം വീതം നൽകി.*(താരീഖ് അത്ത്വബ്‌രി, വാല്യം 2, പേജ് 190, ദാറുൽകുതുബുൽഇൽമിയ്യ 1987)(ഉസുദുൽഗാബ വാല്യം 1, പേജ് 264, ദാറുൽ കുതുബുൽ ഇൽമിയ്യ 2003)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺവാല്യം 9, പേജ് 403, ബസം ഇഖ്ബാൽ, ലാഹോർ)*

പ്രതിനിധി സംഘത്തിലുണ്ടായിരുന്ന ഉത്വാരിദ് ബിൻ ഹാജിബ്,(ഇദ്ദേഹത്തെക്കുറിച്ച് മുമ്പേ പരാമർശിച്ചിരുന്നു) ഇസ്‌ലാം സ്വീകരിച്ചശേഷം നബിﷺതിരുമേനിക്ക് ഒരു പുതപ്പ് (ചാദുർ) സമ്മാനമായി നൽകി. അത് പേർഷ്യൻ രാജാവ് (കിസ്റാ) അദ്ദേഹത്തിന് നൽകിയതായിരുന്നു. ഇത് സ്വർണ്ണംകൊണ്ട് അലങ്കരിച്ച വളരെ മികച്ച പട്ടുവസ്ത്രമായിരുന്നു എന്ന് പറയപ്പെടുന്നു. സ്വഹാബാക്കൾ ആ വസ്ത്രത്തിന്റെ മിനുസവും ഭംഗിയും കണ്ട് അത്ഭുതപ്പെടുകയും കൈകൊണ്ട് തൊട്ടുനോക്കുകയും ചെയ്തു. ഇത് കണ്ടപ്പോൾ നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങൾ ഈ പുതപ്പിൽ ഇത്രയധികം അത്ഭുതപ്പെടുന്നുവോ? സ്വർഗ്ഗത്തിൽ സഅ്ദിന്റെ പുതപ്പുകൾ ഇതിനേക്കാൾ മൃദുവായതും വളരെ നല്ലതുമായിരിക്കും.'*(സ്വഹീഹ് ബുഖാരികിതാബുൽഹിബ, ബാബു ഖബൂലുൽഹിദായ മിനൽമുശ്‌രിക്കീൻ നിവേദനം 2615)(സ്വഹീഹ് മുസ്‌ലിം ഫളാഇലുസ്സ്വഹാബ ബാബു മി ഫളാഇലി സഅ്ദ് ബിൻ മുആദ് നിവേദനം 6348)(സുനനുത്തുർമുദി, കിതബുൽ മനാഖിബ്, ബാബു മനാഖിബ് സഅ്ദ് ബിൻ മുആദ് ഹദീഥ് നമ്പർ 3847) (ഉസുദുൽഗാബ വാല്യം 4, പേജ് 40, ദാറുൽ കുതുബുൽ ഇൽമിയ്യ 2003)*

ഹദ്റത്ത് മിർസ ബശീർ അഹ്മദ് സാഹിബ്رضഈ സംഭവത്തെക്കുറിച്ച് പൊതുവായ അഭിപ്രായം നല്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു:"കുറച്ചുകാലം കഴിഞ്ഞപ്പോൾ നബിﷺതിരുമേനിക്ക് ഒരിടത്തുനിന്ന് കുറച്ച് പട്ടുവസ്ത്രങ്ങൾ സമ്മാനമായി വന്നു. ചില സ്വഹാബാക്കൾ അവയുടെ മൃദുത്വവും മിനുസവും കണ്ട് അത്ഭുതത്തോടെ സംസാരിക്കുകയും അതിനെ ഒരു അസാധാരണ വസ്തുവായി കാണുകയും ചെയ്തു. അപ്പോൾ അവിടന്ന് പറഞ്ഞു: 'നിങ്ങൾ ഇതിന്റെ മൃദുത്വത്തിൽ അത്ഭുതപ്പെടുകയാണോ? അല്ലാഹുവാണെ സത്യം! സ്വർഗ്ഗത്തിൽ സഅ്ദിന്റെ പുതപ്പുകൾ ഇതിനെക്കാൾ എത്രയോ മൃദുവായിരിക്കും, വളരെ മികച്ചതുമായിരിക്കും.' ഒരു ആലങ്കാരിക രൂപത്തിലാണ് അവിടന്നിങ്ങനെ അരുളിയത്. അതിലൂടെ സഅ്ദിന് സ്വർഗ്ഗത്തിൽ ലഭിക്കുന്ന സുഖസൗകര്യത്തെ സൂചിപ്പിക്കുകയായിരുന്നു. അതേസമയം, ഖുർആനിൽനിന്നും ഹദീഥുകളിൽനിന്നും മനസ്സിലാക്കാവുന്ന തത്ത്വം സ്വർഗീയാനുഗ്രഹങ്ങളെ ഈ ലോകത്തിലെ അനുഗ്രഹങ്ങളുമായി താരതമ്യം ചെയ്യാനാവില്ലെന്നാണ്. സ്വർഗീയാനുഗ്രഹങ്ങളെ നമ്മുടെ സാങ്കേതിക ഭാഷയിൽ ഭൗതികമെന്ന് വിളിക്കാനാവില്ല. ഖുർആനിലും ഹദീഥുകളിലും പറഞ്ഞിട്ടുള്ള വാക്കുകൾ അനുഗ്രഹങ്ങളുടെ പാരമ്യതയെ സൂചിപ്പിക്കാനുള്ള രൂപകങ്ങളും ഉപമകളും മാത്രമാണ്.'*(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് സാഹിബ്സാദ മിർസാ ബശീർ അഹ്മദ് സാഹിബ്رضഎം.എ. പേജ് 614-615)*

അടുത്ത സരിയ്യത്ത് അഥവാ സൈനികനടപടി ഖുത്വ്ബ ബിൻ ആമിറിന്റേതാണ്. അത് ഹിജ്റ ഒൻപത് സ്വഫർ മാസത്തിലാണ് നടന്നത്. നബിﷺതിരുമേനി ഇരുപത് പേരോടൊപ്പം ഖുത്വ്ബ ബിൻ ആമിറിനെ ഖഥ്അം ഗോത്രത്തിൽ അയച്ചു. ഒരു നിവേദനമനുസരിച്ച് തബാലഹിലെ ചുറ്റുവട്ടത്തുള്ള പ്രദേശങ്ങളിലാണ് അയച്ചത്. യമനിലേക്കുള്ള വഴിയിലെ തഹാമ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഒരു നഗരമാണ് തബാല. ഇവിടേക്ക് മക്കയിൽനിന്ന് ഏകദേശം എട്ടു ദിവസത്തെ ദൂരമുണ്ട്. അതായത് ഏകദേശം 156 മൈൽ. മറ്റൊരു റിപ്പോർട്ടനുസരിച്ച്, ബീശഹിന്റെ ചുറ്റുവട്ടത്തേക്കാണ് അയച്ചത്. അദ്ദേഹത്തോട് മിന്നലാക്രമണം നടത്താൻ കൽപ്പിച്ചു. ഈ ഗോത്രം എന്തെങ്കിലും കുഴപ്പമുണ്ടാക്കിയിരിക്കാം. വഴിയിൽവെച്ച് അവർ ഒരു വ്യക്തിയെ പിടികൂടി. അയാളോടു ചോദിച്ചപ്പോൾ സംസാരിക്കാൻ കഴിയില്ലെന്ന് (ഊമയാണെന്ന്) നടിച്ചു. എന്നാൽ, അവർ ഗോത്രത്തിനടുത്തെത്തിയപ്പോൾ, ആ വ്യക്തി ഉറക്കെ നിലവിളിച്ച് തന്റെ ഗോത്രക്കാർക്ക് മുന്നറിയിപ്പ് നൽകാൻ ശ്രമിച്ചു. ഈ വഞ്ചന കാരണം, അയാളുടെ കഥകഴിച്ചു. ഗോത്രക്കാർ ജാഗരൂകരായിരുന്നതിനാൽ, അവർ രാത്രിയാവാൻ കാത്തുനിന്നു. ഇരുട്ട് പരന്നപ്പോൾ മുസ്‌ലിമീങ്ങൾ അവരെ ആക്രമിച്ചു. ഘോരയുദ്ധം നടന്നു, ഇരുപക്ഷത്തും ധാരാളം പേർക്ക് പരിക്കേറ്റു. എതിർഗോത്രത്തിലെ നിരവധിയാളുകൾ കൊല്ലപ്പെട്ടു. ഹദ്റത്ത് ഖുത്വ്ബഹ് ഒട്ടകങ്ങളെയും ആടുകളെയും സ്ത്രീകളെയും യുദ്ധമുതലായി മദീനയിൽ കൊണ്ടുവന്നു. ഖുംസ് അഥവാ അഞ്ചിലൊന്ന് മാറ്റിവെച്ചശേഷം, ഓരോരുത്തർക്കും നാല് ഒട്ടകമോ നാൽപത് ആടോ ലഭിച്ചു. *(മുഅ്ജമുൽ ബുൽദാൻ വാല്യം 2, പേജ് 10-11. ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)(ഫർഹങ്കെസീറത്ത് പേജ് 226, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)(സുബുലുൽഹുദാ വർറശാദ്, വാല്യം 6, പേജ് 214, ദാറുൽകുതുബുൽ ഇൽമിയ്യ 1993)(ശറഹുൽഅലാമത്തുസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ വാല്യം 4, പേജ് 40-41, സരിയ്യ ഖത്വ്ബഹ് ഇലാ ഹശ്അമി, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1996)(അത്ത്വബഖാത്തുൽ കുബ്‌റാ ലി ഇബ്‌നി സഅ്ദ്, വാല്യം 1, പേജ് 460, മത്വ്ബഅ ദാറുൽഫിക്ർ ബെയ്റുത്ത്, എഡിഷൻ 2012)(താരീഖുൽ ഖുമയ്സ് വാല്യം 3, പേജ് 5-6 ബഅ്ഥ് ഖത്വബഹ് ബിൻ ആമിർ ഇലാ ഖഥ്അം ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2009)*

എന്തായാലും അവരുടെ ഉപദ്രവങ്ങൾ അവസാനിപ്പിക്കാനാണ് ഈ ആക്രമണം നടത്തേണ്ടി വന്നത്.

ഇനി സരിയ്യത്ത് ളഹ്ഹാക് ബിൻ സുഫിയാൻ കിലാബിയെ കുറിച്ചാണ് പറയുന്നത്. ഇത് ബനൂ കിലാബ് ഗോത്രത്തിലേക്കായിരുന്നു. ഹിജ്റ ഒൻപതാം വർഷം റബീഉൽ അവ്വൽ മാസത്തിൽ ബനൂ കിലാബ് ഗോത്രത്തിന്നെതിരെ ഈ സരിയ്യത്ത് അഥവാ യുദ്ധ നടപടി നടന്നു. നബിﷺതിരുമേനി ഹദ്റത്ത് ളഹ്ഹാക് ബിൻ സുഫ്‌യാൻ കിലാബിയെ ഖുർത്വാഅ് എന്ന പ്രദേശത്തെ തന്റെ സ്വന്തം ഗോത്രമായ ബനൂകിലാബിലേക്ക് അയച്ചു. ബനൂബക്റിന്റെ ഒരു ശാഖയുടെ പേരാണ് ഖുർത്വാഅ്. അവിടേക്ക് മദീന മുവ്വറയിൽനിന്ന് ഏഴ് ദിവസത്തെ ദൂരമുണ്ട്. നജ്ദിലെ സുജ്‌ലാവഹ് എന്ന സ്ഥലത്തുവെച്ച് അവരെ കണ്ടുമുട്ടി. ഇസ്‌ലാമിന്റെ സന്ദേശം അവർക്ക് നൽകിയെങ്കിലും അവർ നിഷേധിക്കുകയും അത് യുദ്ധത്തിലേക്ക് നയിക്കുകയും ചെയ്തു. അവർ ഖുർത്വാഅ് ഗോത്രക്കാരെ പരാജയപ്പെടുത്തുകയും യുദ്ധമുതൽ കരസ്ഥമാക്കുകയും ചെയ്തു.*(ഫർഹങ്കെസീറത്ത് പേജ് 233, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)(സുബുലുൽഹുദാ വർറശാദ്, വാല്യം 6, പേജ് 215, ദാറുൽകുതുബുൽ ഇൽമിയ്യ 1993)(താരീഖുൽ ഖുമയ്സ് വാല്യം 3, പേജ് 6 ബഅ്ഥ് ളഹ്ഹാക് ബിൻ സുഫിയാൻ അൽ കിലാബീ ഇലാ ബനീ കിലാബ് ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2009)*

ഈ സരിയ്യത്തിന്റെ ഈമാൻ വർദ്ധിപ്പിക്കുന്ന ഒരു സംഭവം ഇങ്ങനേയുമുണ്ട്. സലമഹ് ബിൻ ഖുർത് എന്ന അവിശ്വാസി എതിരാളികളുടെ നേതാക്കളിൽപ്പെട്ട ആളായിരുന്നു. എന്നാൽ, മുസ്‌ലിമായിക്കഴിഞ്ഞിരുന്ന അദ്ദേഹത്തിന്റെ മകൻ അസ്‌യദ് ബിൻ സലമ ഈ സൈന്യത്തിൽ പങ്കെടുത്തിരുന്നു. ശത്രുക്കൾ മുസ്‌ലിമീങ്ങളുടെ ആക്രമണം സഹിക്കാനാവാതെ ഓടിപ്പോയപ്പോൾ, അതിൽ അസ്‌യദിന്റെ പിതാവ് സലമയുമുണ്ടായിരുന്നു. അസ്‌യദ് തന്റെ പിതാവിനെ പിന്തുടർന്നു. ജീവൻ രക്ഷിക്കാൻ വേണ്ടി പിതാവ് കുതിരയോടൊപ്പം വെള്ളത്തിൽചാടി. അസ്‌യദും പിന്നാലെ പോയി, തന്റെ പിതാവിനെ നരകത്തിൽനിന്ന് എങ്ങനെയെങ്കിലും രക്ഷിക്കാൻ വീണ്ടും ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. എന്നാൽ, പിതാവ് മകനെ ശകാരിക്കാൻ തുടങ്ങി. തന്റെ പിതാവ് ധിക്കാരത്തിലും എതിർപ്പിലും ഉറച്ചുനിൽക്കുന്നത് കണ്ടപ്പോൾ, അസ്‌യദ് പിതാവിന്റെ കുതിരയുടെ കുളമ്പുകൾ മുറിച്ചു. പിന്നീട് മറ്റൊരു വ്യക്തി വന്ന് അദ്ദേഹത്തെ കൊന്നു.*(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺവാല്യം 9, പേജ് 426-427, ബസം ഇഖ് ബാൽ, ലാഹോർ)*

എന്നാൽ, മറ്റൊരു നിവേദനം ഇങ്ങനേയുമുണ്ട്. അതനുസരിച്ച്

അസ്‌യദ് മദീനയിൽവന്ന് ഇസ്‌ലാം സ്വീകരിച്ചപ്പോൾ, അദ്ദേഹത്തിന്റെ വൃദ്ധനായ പിതാവ് ഒരു കത്തെഴുതി. അതിൽ ചില കവിതകളു ണ്ടായിരുന്നു, അതിൽ തന്റെ വാർദ്ധക്യത്തിൽ മകന്റെ അനുസരണക്കേടിൽ വിഷമം പ്രകടിപ്പിക്കുകയും, ഇസ്‌ലാം സ്വീകരിച്ചതിന് മകനെ കുറ്റപ്പെടുത്തുകയും ചെയ്തു. 'നീ എന്തു കാരണത്താലാണ് നിന്റെ വൃദ്ധനായ പിതാവിനെ ഉപേക്ഷിച്ച് ഇസ്‌ലാം സ്വീകരിച്ചതെന്ന് അദ്ദേഹം ചോദിച്ചു. പിതാവിൽനിന്നുള്ള കത്ത കണ്ട് അസ്‌യദ് അതുമായി നബിﷺതിരുമേനിയുടെ അടുത്തുവന്ന് കാര്യങ്ങളെല്ലാം അറിയിച്ചു, പിതാവിന് മറുപടി എഴുതാൻ അനുവാദം ചോദിച്ചു. നബിﷺതിരുമേനിയുടെ നിർദ്ദേശപ്രകാരം അദ്ദേഹം തന്റെ പിതാവിന് ഒരു തബ്‌ലീഗ് കത്തെഴുതി. അത് വായിച്ച ശേഷം അദ്ദേഹത്തിന്റെ പിതാവും ഇസ്‌ലാം സ്വീകരിച്ചു. ഈ നിവേദനവും വന്നിട്ടുണ്ട്. ഇത് ശരിയാണെന്ന് തോന്നുന്നു. *(ഉസുദുൽഗാബ വാല്യം 1, പേജ് 253-254,അസ്‌യദ് ബിൻ സലമ എന്ന പദം. ദാറുൽ കുതുബുൽ ഇൽമിയ്യ 2003)*

സരിയ്യത്ത് അൽഖമ ബിൻ മുജസ്സിസ് ജിദ്ദയിലേക്ക് നടത്തിയ നടപടിയാണ്. ഇബ്നു സഅ്ദിന്റെ നിവേദനമനുസരിച്ച് ഹിജ്റ ഒൻപതാം വർഷം റബിയ്യുൽ ആഖിർ മാസത്തിലാണ് ഈ സരിയ്യത്ത് നടന്നത്. എന്നാൽ, മറ്റൊരു നിവേദനത്തിൽ ഹിജ്റ ഒമ്പത് സ്വഫർ മാസത്തിലാണെന്ന് കാണുന്നു. അബീസീനിയ്യിൽ നിന്നുള്ള ചില യോദ്ധാക്കൾ ജിദ്ദയുടെ തീരത്ത് വന്നിറങ്ങിയെന്ന് നബിﷺതിരുമേനിക്ക് വിവരം ലഭിച്ചു. ചില നിവേദനങ്ങളനുസരിച്ച്, അവർ മക്കക്കാരെ കൊള്ളയടിക്കാൻ ആഗ്രഹിച്ചിരുന്നു. മറ്റൊരു ഗ്രന്ഥത്തിൽ, അവർ കടൽ കടന്ന് മുസ്‌ലിമീങ്ങൾക്ക് ഉപദ്രവമുണ്ടാക്കാൻ ശ്രമിച്ചുവെന്നും പറയുന്നുണ്ട്. ജിദ്ദ ഇന്നും മക്കയുടെ പടിഞ്ഞാറൻ തീരത്തുള്ള ഒരു വലിയ നഗരമാണ്. മക്കയിൽനിന്ന് ജിദ്ദയിലേക്ക് 75 കിലോമീറ്ററും മദീനയിൽനിന്ന് ഏകദേശം 250 മൈലും ദൂരമുണ്ട്.

നബിﷺതിരുമേനി 300 പേരുടെ നേതൃത്വം ഹദ്റത്ത് അൽഖമയെ ഏൽപ്പിച്ച് അങ്ങോട്ട് അയച്ചു. അൽഖമയും കൂട്ടരും വരുന്നതറിഞ്ഞപ്പോൾ, അബിസീനിയക്കാർ അവരുടെ വഞ്ചികളിൽക്കയറി കടലിലേക്കോടി രക്ഷപ്പെട്ടു. ഹദ്റത്ത് അൽഖമ ഒരു ദ്വീപുവരെ അവരെ പിന്തുടർന്നു. ഈ നടപടിയുടെ ഒരു സംഭവം സ്മരണാർഹമാണ്. അതിങ്ങനെയാണ് വിവരിക്കപ്പെട്ടിരിക്കുന്നത്.

ഹദ്റത്ത് അബൂ സയീദുൽഖുദ്‌രിയിൽനിന്ന് നിവേദനം: നബിﷺതിരുമേനി അൽഖമ ബിൻ മുജസ്സിസിനെ ഒരു സൈന്യത്തിന്റെ നേതാവായി നിശ്ചയിച്ചു. ഞാനും ആ സൈന്യത്തിലുണ്ടായിരുന്നു. ലക്ഷ്യസ്ഥാനത്തെത്തി ദൗത്യം പെട്ടെന്ന് പൂർത്തിയാക്കിയപ്പോൾ വേഗം തിരികെ പോകാൻ ഒരു സംഘം തങ്ങളുടെ നേതാവിനോടു അനുവാദം ചോദിച്ചു. അദ്ദേഹം അവർക്ക് അനുമതി നൽകുകയും, അബ്ദുല്ലാഹ് ബിൻ ഹുദാഫാ സഹ്മിയെ അവരുടെ അമീറായി നിയമിക്കുകയും ചെയ്തു. ഇദ്ദേഹം സരസസ്വഭാവിയായിരുന്നു. വഴിയിൽ വിശ്രമിക്കാനിറങ്ങിയ അവർ തണുപ്പകറ്റാനായി തീ കൂട്ടി.

സുനൻ ഇബ്നു മാജയിൽ വന്നിരിക്കുന്നു:അബ്ദുല്ലാഹ് അസ്സഹ്മി ചോദിച്ചു: 'കേൾക്കുകയും അനുസരിക്കുകയും ചെയ്യാനുള്ള അവകാശം എനിക്കില്ലേ?' അവർ പറഞ്ഞു: 'തീർച്ചയായുമുണ്ട്.' അദ്ദേഹം പറഞ്ഞു: "ഞാൻ നിങ്ങളോടു കൽപ്പിക്കുന്ന കാര്യങ്ങൾ നിങ്ങൾ അനുസരിക്കുമോ?" അവർ പറഞ്ഞു: 'തീർച്ചയായും.' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഈ തീയിൽച്ചാടാൻ ഞാൻ നിങ്ങളോടു കൽപ്പിക്കുന്നു.'

ചിലയാളുകളെഴുന്നേറ്റ് ചാടാൻ തയ്യാറായി. അവർ ചാടുമെന്ന് അദ്ദേഹത്തിനുറപ്പായപ്പോൾ, അദ്ദേഹം പറഞ്ഞു: 'നിങ്ങൾ ചാടാൻ വരട്ടെ! ഞാൻ നിങ്ങളോടു തമാശ പറഞ്ഞതാണ്.' അവർ മടങ്ങി വന്നപ്പോൾ ആളുകൾ ഇക്കാര്യം നബിﷺതിരുമേനിയോട് പറഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു: മൻ അമറക്കും മിൻഹും ബിമഅ്സിയത്തില്ലാഹി ഫലാ തുത്തീഊഹു. ഈ നേതാക്കളിൽ ആരെങ്കിലും ദൈവകൽപ്പന ധിക്കരിക്കാൻ കൽപ്പിച്ചാൽ അവരെ അനുസരിക്കരുത്.

മറ്റൊരു നിവേദനത്തിലുണ്ട്. നബിﷺതിരുമേനി പറഞ്ഞു: ലാ ത്വാഅത്ത ഫീ മഅ്സിയത്തില്ലാഹി ഇന്നമത്ത്വാഅത്തു ഫിൽ മഅ്റൂഫി. അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ അനുസരണയില്ല. അനുസരണം എന്നത് നല്ല കാര്യങ്ങളിൽ (മഅ്റൂഫ്) മാത്രമാണ്.' *(ഹമാരെ ഹുദൂർﷺ, അഹ്‌ലിയ ഡോക്ടർ സഹ്റാബ് അൻവർ, പേജ് 411, ദാറുൽ ഇശാഅത്ത്)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി ﷺവാല്യം 9, പേജ് 432, ബസം ഇഖ് ബാൽ, ലാഹോർ)(ഫർഹങ്കെസീറത്ത് പേജ് 86, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)(ഏീഴഹല ങമു)(സുബുലുൽഹുദാ വർറശാദ്, വാല്യം 6, പേജ് 216, ദാറുൽകുതുബുൽ ഇൽമിയ്യ 1993)(സുനൻ ഇബ്നു മാജ കിതാബുൽ ജിഹാദ്, ബാബു ലാ ത്വാഅത്തു ഫീ മഅ്സിയ്യത്തില്ലാഹി ഹദീഥ് 2863)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാല്യം 9, പേജ് 410, മക്തബ ദാറുസ്സലാം)(താരീഖുൽഖുമയ്സ് വാല്യം 3, പേജ് 7, ബഅഥ അൽഖമ ബിൻ മുജസ്സിസ്സ് ഇലൽ ഹബ്ശത്തി ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2009)*

മറ്റൊരു നിവേദനത്തിൽ എഴുതിയിരിക്കുന്നു: ഈ സംഭവം നബിﷺതിരുമേനിയുടെ സന്നിധിയിൽ അവതരിപ്പിച്ചപ്പോൾ അവിടന്ന് കഠിനമായി വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ലൗ ദഖലൂഹാ മാ ഖറജൂ മിൻഹാ ഇലാ യൗമൽഖിയാമത്തി. അത്ത്വാഅത്തു ഫിൽ മഅ്റൂഫി. അവർ അതിൽ പ്രവേശിച്ചിരുന്നെങ്കിൽ, അവർക്ക് അന്ത്യനാൾവരെ അതിൽനിന്ന് പുറത്തുവരാൻ കഴിയുമായിരുന്നില്ല. കാരണം, നല്ല കാര്യങ്ങളിൽ മാത്രമാണ് അനുസരണം. *(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി, നിവേദനം 4340)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഈ സംഭവം വിവരിച്ചുകൊണ്ടു പറയുന്നു: ശരീഅത്തിന് വിരുദ്ധമായ കാര്യങ്ങളിൽ അനുസരണം പാടില്ല. നബിﷺതിരുമേനി ഒരിക്കൽ ഒരു സ്വഹാബിയെ ഒരു ചെറിയ സൈന്യത്തിന്റെ നേതാവാക്കി അയച്ചു. വഴിയിൽ അദ്ദേഹം എന്തോ പറഞ്ഞു, ചില സ്വഹാബാക്കൾ അതനുസരിച്ചില്ല. അപ്പോൾ അദ്ദേഹം കോപിച്ചുകൊണ്ടു പറഞ്ഞു: 'നബിﷺതിരുമേനി എന്നെയാണ് നിങ്ങളുടെ അമീറാക്കിയത്, അവിടന്ന് പറഞ്ഞിട്ടുണ്ട്: 'എന്റെ അമീറിനെ അനുസരിക്കുന്നവൻ എന്നെ അനുസരിച്ചു, എന്റെ അമീറിനെ ധിക്കരിക്കുന്നവൻ എന്നെ ധിക്കരിച്ചു. ഞാൻ നബിﷺതിരുമേനിയുടെ പ്രതിനിധിയായിരിക്കെ നിങ്ങളെന്നെ എന്തിനാണ് ധിക്കരിച്ചത്?' അപ്പോൾ സ്വഹാബാക്കൾ പറഞ്ഞു: 'ഞങ്ങൾ നിങ്ങളെ അനുസരിക്കും.' അദ്ദേഹം പറഞ്ഞു: 'ശരി, നിങ്ങൾ അനുസരിക്കുന്നുമോയെന്ന് ഞാൻ നോക്കട്ടെ.' അദ്ദേഹം തീ കൂട്ടാൻ കൽപ്പിച്ചു, തീ കത്തിത്തുടങ്ങിയപ്പോൾ സ്വഹാബാക്കളോട് അതിലേക്ക് ചാടാൻ പറഞ്ഞു. ചിലർ തയ്യാറായെങ്കിലും, മറ്റുള്ളവർ അവരെ തടഞ്ഞു കൊണ്ട് പറഞ്ഞു: 'അനുസരണം ശരീഅത്ത് സംബന്ധമായ കാര്യങ്ങളിലാണ്. അവർക്ക് ശരീഅത്തിനെക്കുറിച്ച് അറിവില്ല. ഇങ്ങനെ തീയിൽ ചാടി ജീവൻ കളയുന്നത് അനുവദനീയമല്ല. ആത്മഹത്യ ചെയ്യരുതെന്ന് അല്ലാഹുവിന്റെ കൽപ്പനയുണ്ട്.' ഈ വിഷയം നബിﷺതിരുമേനിയുടെ മുന്നിൽ അവതരിപ്പിച്ചപ്പോൾ, തീയിൽ ചാടുന്നത് അനുവദനീയമല്ലെന്ന്

**• ഹദീഥുന്നബ്‌വിﷺ •**

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

പറഞ്ഞവരെ അവിടന്ന് പിന്തുണച്ചു."*(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 19, പേജ് 269-261, ജുമുഅ ഖുത്ബ 1938 ഏപ്രിൽ 22)*

ഇനി ഹദ്റത്ത് അലിؓഫുൽസ് ബനൂത്വേയിലേക്ക് നടത്തിയ സൈനിക നീക്കവും വരുന്നുണ്ട്. അത് ഹിജ്റ ഒൻപതാം വർഷം റബീയുൽ ആഖിർ മാസത്തിലാണ് നടന്നത്. നജ്ദ് പ്രദേശത്തെ ഒരു വിഗ്രഹമായിരുന്നു ഫുൽസ്. ത്വേ ഗോത്രം അതിനെ ആരാധിച്ചിരുന്നു. അവർ അതിന് നേർച്ചകളും വഴിപാടുകളും നല്കുന്നതോടൊപ്പം ആയുധങ്ങളും നേർച്ചയായി അർപ്പിച്ചിരുന്നു. നബിﷺതിരുമേനി നൂറ്റമ്പത് അൻസ്വാറിനോടൊപ്പം(അതിൽ നൂറ് ഒട്ടകവും അമ്പത് കുതിരയുമുണ്ടായിരുന്നു) ഹദ്റത്ത് അലിയെ ത്വേ ഗോത്രത്തിന്റെ വിഗ്രഹമായ ഫുൽസിനെ തകർക്കാൻ അയച്ചു. ഈ സൈന്യത്തിന്റെ പ്രത്യേകത, ഹദ്റത്ത് അലിയൊഴികെ ബാക്കിയെല്ലാവരും അൻസ്വാറായിരുന്നു എന്നതാണ്. മുഹാജിരീങ്ങൾ തുടങ്ങിയ ആരുമുണ്ടായിരുന്നില്ല. അറബി ഗോത്രങ്ങളിലെ പ്രശസ്തമായ ഒന്നാണ് ത്വേഗോത്രം. അവർ സിറിയക്കടുത്ത് താമസിച്ചിരുന്നു. നബിﷺതിരുമേനി ഈ സരിയ്യത്തിന് ഹദ്റത്ത് അലിക്ക് ഒരു കറുത്ത വലിയ പതാകയും വെളുത്ത ചെറിയ കൊടിയും നൽകി. ഹദ്റത്ത് അലി സ്വുബ്ഹി നേരത്ത് ആക്രമണം നടത്തി, അവരുടെ വിഗ്രഹമായ ഫുൽസിനെ തകർത്തു. നിരവധിപേരെ ബന്ദികളാക്കുകയും കന്നുകാലികളെ പിടിച്ചെടുക്കുകയും ചെയ്തു. പ്രശസ്ത ദാനധർമ്മിഷ്ടനായ ഹാതിംത്വായിയുടെ ഗോത്രമായിരുന്നു ഇത്. ബന്ദികളിൽ ഹാതിം ത്വായിയുടെ മകൾ സഫാനയും ഉൾപ്പെട്ടിരുന്നു. ഹാതിം ത്വായിയുടെ മകനും ഗോത്രത്തലവനുമായ അദി സിറിയയിലേക്ക് ഓടി രക്ഷപ്പെട്ടു.ബന്ദികളുടെമേൽ അബൂ ഖത്താദയെയും കന്നുകാലികളുടെമേൽ അബ്ദുല്ലാഹ് ബിൻ അതീക്കിനെയും ചുമതലപ്പെടുത്തി. നബിﷺതിരുമേനിക്ക് വേണ്ടിയുള്ള ഖുംസ് (അഞ്ചിലൊന്ന്) മാറ്റിവെച്ചശേഷം ബാക്കി യുദ്ധമുതൽ വിതരണം ചെയ്തു. എന്നാൽ, ഹാതിമിന്റെ മകൾ സഫാനയെ വിതരണം ചെയ്യാതെ ബന്ദിയാക്കി മദീനയിൽ കൊണ്ടുവന്നു. *(അത്ത്വബഖാത്തുൽകുബ്റ ലി ഇബ്നി സഅ്ദ് വാള്യം 2, പേജ് 124, ദാറുൽകുതുബുൽ ഇൽമിയ്യ ഒന്നാം പതിപ്പ് 1990)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺവാള്യം 9, പേജ് 435, ബസം ഇഖ് ബാൽ, ലാഹോർ)അല്ലൂഅ്ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 418, മക്തബ ദാറുസ്സലാം)(ഫർഹങ്കെസീറത്ത് പേജ് 64, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

ഹാതിം താഇയുടെ മകൾ സഫാനയെ എല്ലാ ബന്ദികളോടുമൊപ്പം മസ്ജിദുന്നബ്വിയുടെ വാതിലിനടുത്തുള്ള ഒരു കൂടാരത്തിൽ താമസിപ്പിച്ചു. സഫാന ധൈര്യശാലിയും വിവേകമതിയുമായിരുന്നു. നബിﷺതിരുമേനി അവളുടെ കൂടാരത്തിനടുത്തുകൂടി കടന്നുപോയപ്പോൾ, അവളെഴുന്നേറ്റ് ബഹുമാനം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: 'യാ റസൂലല്ലാഹ്, എന്റെ പിതാവ് മരണപ്പെട്ടു. എന്റെ രക്ഷിതാവായ സഹോദരൻ ഓടിപ്പോയി. അങ്ങ് എന്നോടു ദയ കാണിച്ചാലും, അല്ലാഹു അങ്ങയോടും ദയ കാണിക്കുന്നതായിരിക്കും.' നബിﷺതിരുമേനി ചോദിച്ചു: 'നിന്റെ രക്ഷിതാവ് ആരാണ്? അവൾ പറഞ്ഞു: 'അദിയ്യ് ബിൻ ഹാതിം ത്വായി.' അവിടന്ന് പറഞ്ഞു: 'അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നും ഓടിപ്പോയവനോ?' ഇത് പറഞ്ഞിട്ട് നബിﷺതിരുമേനി പോയി. അടുത്ത ദിവസം നബിﷺതിരുമേനി അതുവഴി കടന്നുപോയപ്പോഴും സഫാന തലേ ദിവസത്തെ കാര്യംതന്നെ ആവർത്തിച്ചു. നബിﷺതിരുമേനി തലേദിവസം പറഞ്ഞ മറുപടി തന്നെ നൽകിയിട്ട് പോയി. അവൾക്ക് നിരാശ തോന്നി. മൂന്നാം ദിവസം നബിﷺതിരുമേനി അതുവഴി കടന്നുപോകുമ്പോൾ, പിന്നാലെ ഹദ്റത്ത് അലിയുമുണ്ടായിരുന്നു. ഹദ്റത്ത് അലി സഫാനയെ ആംഗ്യം കാണിച്ചു, അവളെഴുന്നേറ്റ് വീണ്ടും തന്റെ ആവശ്യമുന്നയിച്ചു. അവൾ ഉടൻ ബഹുമാനത്തോടെ എഴുന്നേറ്റ് നബിﷺതിരുമേനിയുടെ സന്നിധിയിൽ അപേക്ഷ ആവർത്തിച്ചു. നബിﷺതിരുമേനി പറഞ്ഞു: 'ഞാൻ നിന്റെ അപേക്ഷ സ്വീകരിച്ചിരിക്കുന്നു. നീ ഇപ്പോൾ സ്വതന്ത്രയാണ്. എന്നാൽ, ഇവിടെനിന്ന് പോകാൻ തിടുക്കം കാണിക്കരുത്. വിശ്വസ്തനായ ഒരാളെ കിട്ടുമ്പോൾ നിന്നെ നിന്റെ സഹോദരന്റെ അടുത്ത് സിറിയയിലേക്ക് അയക്കാം.' മറ്റൊരു നിവേദനത്തിൽ, അവൾ നബിﷺതിരുമേനിയോട് ഔദാര്യം കാണിക്കാൻ (വിട്ടയയ്ക്കാൻ) അപേക്ഷിച്ചു, അപ്പോൾ നബിﷺതിരുമേനി അവളോടു ഔദാര്യം കാണിച്ച് വിട്ടയച്ചു. ഇതിന്റെ ഫലമായി അവൾ മുസ്ലിമായി. സ്വാതന്ത്ര്യം ലഭിച്ച ഉടൻതന്നെ അവൾ ഇസ്ലാം സ്വീകരിച്ചെന്നും ഒരു നിവേദനത്തിൽ പറയുന്നുണ്ട്. കുറച്ചു ദിവസങ്ങൾക്കുശേഷം സിറിയയിലേക്ക് പോകാനുദ്ദേശിച്ച ബനൂ ഖുദാഅഃ ഗോത്രക്കാർ മദീനയിലെത്തി. സഫാന ഇതറിഞ്ഞ് നബിﷺതിരുമേനിയുടെ അടുത്ത് ചെന്ന്, തനിക്ക് അവരെ വിശ്വാസമാണെന്നും അവർക്കൊപ്പം സിറിയയിലേക്ക് പോകാൻ അനുവദിക്കണമെന്നും അപേക്ഷിച്ചു. നബിﷺതിരുമേനി അനുമതി നൽകുകയും അവൾക്ക് വസ്ത്രങ്ങളും വാഹനവും യാത്രാമധ്യേയുള്ള ഭക്ഷണവും നൽകുകയും ചെയ്തു. അങ്ങനെ അവർ അവിടെനിന്ന് യാത്ര ചെയ്ത് സഹോദരന്റെ അടുക്കൽ സിറിയയിലെത്തി.

സിറിയയിലെത്തുകയും തന്റെ സഹോദരനെ കാണുകയും ചെയ്തപ്പോൾ, അദ്ദേഹത്തെ കുറ്റപ്പെടുത്തിക്കൊണ്ടു പറഞ്ഞു: 'നിന്റെ ഭാര്യയെയും മക്കളെയും കൂട്ടി ഓടിപ്പോയിട്ട്, നിന്റെ സഹോദരിയെയും അഭിമാനത്തെയും അവിടെ ഉപേക്ഷിച്ചു പോന്നുവല്ലേ? ഇതുകേട്ട് സഹോദരൻ ഖേദം പ്രകടിപ്പിക്കുകയും ലജ്ജിക്കുകയും ചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ അദിയ്യ് സഹോദരിയോട് ചോദിച്ചു: 'മുഹമ്മദ് ﷺനെക്കുറിച്ച് നിന്റെ അഭിപ്രായമെന്താണ്? നബിﷺതിരുമേനിയുടെ സ്വഭാവഗുണം കണ്ട് മുസ്ലിമായിക്കഴിഞ്ഞിരുന്ന സഫാന പറഞ്ഞു: 'അല്ലാഹുവാണെ സത്യം, എന്റെ അഭിപ്രായത്തിൽ നീ എത്രയും പെട്ടെന്ന് അദ്ദേഹത്തിന്റെ അടുത്ത് പോകണം. അദ്ദേഹം ഒരു പ്രവാചകനാണെങ്കിൽ, വേഗം അദ്ദേഹത്തിന്റെ അടുക്കൽ പോകുന്നവൻ വിജയിക്കും. അദ്ദേഹം ഒരു രാജാവാണെങ്കിൽപ്പോലും, നിന്റെ അന്തസ്സിനോ മഹത്വത്തിനോ ഒരു കുറവും വരില്ല.' അദിയ്യ് പറഞ്ഞു: 'വളരെ നല്ല അഭിപ്രായമാണിത്.' ഉടൻ തന്നെ അദ്ദേഹം തയ്യാറായി മദീനയിലേക്ക് പുറപ്പെട്ടു.

നബിﷺതിരുമേനി അപ്പോൾ മസ്ജിദിൽ ഇരിക്കുകയായിരുന്നു. അദിയ്യ് സ്വയം പരിചയപ്പെടുത്തി. നബിﷺതിരുമേനി അദ്ദേഹത്തെയുംകൂട്ടി വീട്ടിലേക്ക് നടന്നു. വഴിയിൽവെച്ച് ഒരു വൃദ്ധ നബിﷺതിരുമേനിയെ തടഞ്ഞു നിറുത്തി സംസാരിക്കാനോ ചോദ്യങ്ങൾ ചോദിക്കാനോ തുടങ്ങി. നബിﷺതിരുമേനി അവർക്കുവേണ്ടി കുറച്ചുനേരം അവിടെ നിന്നു. ഇതു കണ്ട അദിയ്യ് മനസ്സിൽ വിചാരിച്ചു: 'ഒരു വൃദ്ധ സ്ത്രീക്കുവേണ്ടി ഇത്രയും സമയം കാത്തുനിൽക്കുന്ന ഈ വ്യക്തി ഒരു രാജാവാകാൻ വഴിയില്ല.' വീട്ടിലെത്തിയപ്പോൾ, നബിﷺതിരുമേനി ഈന്തപ്പനയുടെ ഓല നിറച്ച ഒരു തോൽ കിടക്ക അദ്ദേഹത്തിന് ഇരിക്കാൻ നൽകി. അദിയ്യ് പറഞ്ഞു: 'അങ്ങ് ഇതിലിരിക്കുക.' നബിﷺതിരുമേനി പറഞ്ഞു: 'ഇല്ല, നിങ്ങൾ ഇതിലിരിക്കുക.' നബിﷺതിരുമേനി നിലത്തിരുന്നു. അപ്പോൾ അദിയ്യ് വീണ്ടും മനസ്സിൽ വിചാരിച്ചു: 'അല്ലാഹുവാണെ സത്യം, ഈ വ്യക്തി ഒരു രാജാവ് ആകാവതല്ല.' നബിﷺതിരുമേനി അദ്ദേഹവുമായി സംസാരിക്കാൻ

**• ഹദീഥുന്നബ്‌വിﷺ •**

**"തഅല്ലമുൽയഖീന."**
**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**"തഹാദൂ തഹാബ്ബൂ."**
**സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.**

ത്വാലിബെ ദുആ
**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

തുടങ്ങി. അദ്ദേഹത്തിന്റെ മതത്തെക്കുറിച്ചും വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. അദിയ്യിനല്ലാതെ മറ്റാർക്കും അറിയാത്ത ചില കാര്യങ്ങൾ അവിടന്ന് പറയുകയുകയും ചെയ്തു. ഇതുകേട്ടപ്പോൾ, അദിയ്യ് ഇത് ദൈവത്തിന്റെ ദൂതനാണെന്ന് ഉറപ്പിച്ചു. അദ്ദേഹം പറഞ്ഞു: 'അങ്ങയ്ക്ക് ചില രഹസ്യങ്ങൾ അല്ലാഹു അറിയിച്ചു തന്നതിനാൽ, അങ്ങ് അല്ലാഹുവിന്റെ ദൂതനാണെന്ന് എനിക്ക് ബോധ്യമായി.'

ഹദ്റത്ത് അദിയ്യിൽനിന്ന് നിവേദനം. നബിﷺതിരുമേനി പറഞ്ഞു: 'അദിയ്യേ!ഇസ്‌ലാം സ്വീകരിക്കുക, താങ്കൾ സുരക്ഷിതനായിരിക്കും.' ഞാൻ പറഞ്ഞു: 'ഞാൻ നേരത്തെ ഒരു മതത്തിൽ വിശ്വസിക്കുന്നവനാണ്.' നബിﷺതിരുമേനി പറഞ്ഞു: 'നിങ്ങളുടെ മതത്തെക്കുറിച്ച് നിങ്ങളെക്കാൾ നന്നായി എനിക്കറിയാം.' ഞാൻ ചോദിച്ചു: 'അങ്ങയ്ക്ക് എന്റെ മതത്തെക്കുറിച്ച് എന്നെക്കാൾ നന്നായി അറിയുന്നത് എങ്ങനെ?' നബിﷺതിരുമേനി പറഞ്ഞു: 'അതെ, എനിക്കറിയാം.' എന്നിട്ട് അവിടന്ന് പറഞ്ഞു: 'താങ്കൾ റകൂസി മതം അതായത് ക്രൈസ്തവ മതത്തിനും സ്വാബിയത്ത് മതത്തിനുമിടയിലുള്ള ഒരു മതമല്ലേ പിന്തുടരുന്നത്?' 'ഞാൻപറഞ്ഞു: 'അതെ.' നബിﷺതിരുമേനി ചോദിച്ചു: 'താങ്കൾ താങ്കളുടെ ഗോത്രത്തിന്റെ നേതാവല്ലേ?' ഞാൻ പറഞ്ഞു: 'അതെ.' നബിﷺതിരുമേനി ചോദിച്ചു: 'താങ്കൾ നേതാവായിരിക്കെ, യുദ്ധമുതലിന്റെ നാലിലൊന്ന് ഭാഗം എടുക്കുന്നില്ലേ?' ഞാൻ പറഞ്ഞു: 'അതെ, എടുക്കുന്നു.' നബിﷺതിരുമേനി പറഞ്ഞു: 'താങ്കളുടെ സ്വന്തം മതത്തിൽപ്പോലും ഇത് താങ്കൾക്ക് അനുവദനീയമല്ല.' ഇതുകേട്ട് എനിക്ക് വളരെ ലജ്ജയും ഖേദവും തോന്നി. തുടർന്ന് നബിﷺതിരുമേനി പറഞ്ഞു: 'അദിയ്യേ! ഒരുപക്ഷേ, മുസ്‌ലിമീങ്ങളുടെ ദാരിദ്ര്യം താങ്കളെ ഈ മതത്തിൽ ചേരുന്നതിൽനിന്ന് തടയുന്നുണ്ടാകും. അല്ലാഹുവാണെ സത്യം! പെട്ടെന്നുതന്നെ ധനം ഒഴുകിയെത്തും, അത് സ്വീകരിക്കാൻ ആളെ കിട്ടാത്ത അവസ്ഥയുണ്ടാകും. ഒരുപക്ഷേ, അവരുടെ ശത്രുക്കളുടെ ആധിക്യം നിങ്ങളെ ഈ മതത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് തടയുകയും ചെയ്യും. അല്ലാഹുവാണെ സത്യം, ഹീറയിൽ(ഇറാഖിലെ ഒരു നഗരം)നിന്ന് ഒരു സ്ത്രീ ഒറ്റയ്ക്ക് തന്റെ ഒട്ടകപ്പുറത്ത് പുറപ്പെട്ട് കഅ്ബ സന്ദർശിക്കുന്നത് താങ്കൾ കേൾക്കും, അവൾക്ക് ഒരു ഭയവുമുണ്ടാകില്ല. ഒരുപക്ഷേ, ഈ മതത്തിൽ ചേരുന്നതിൽനിന്ന് ഭരണാധികാരവും അധികാരവും അന്യരുടെ കൈയിലാണെന്ന ചിന്ത താങ്കളെ തടയുന്നുണ്ടാകും. അല്ലാഹുവാണെ സത്യം! താങ്കൾ പെട്ടെന്നുതന്നെ ബാബിലോൺ പ്രദേശത്തെ വെള്ളക്കൊട്ടാരങ്ങൾ അവർക്കായി തുറക്കപ്പെട്ടതിനെക്കുറിച്ചും കിസ്റയുടെ നിധികൾ തുറക്കപ്പെട്ടതിനെക്കുറിച്ചും കേൾക്കും. നബിﷺതിരുമേനി ഇത് മൂന്നു തവണ ആവർത്തിച്ചു.

അദിയ്യ് പറയുന്നു: നബിﷺതിരുമേനിയുടെ നല്ല സത്‌പെരുമാറ്റവും ഇക്കാര്യങ്ങളുമെല്ലാം കണ്ടപ്പോൾ ഞാൻ മുസ്‌ലിമായി. ഹദ്റത്ത് അദിയ്യുതന്നെ താൻ ഇസ്‌ലാം സ്വീകരിച്ച സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുമായിരുന്നു: 'താൻ ഹീറയിൽ നിന്ന് യാത്ര ചെയ്ത സ്ത്രീയെ കണ്ടിട്ടുണ്ട്. അവർ തനിച്ചാണ് കഅ്ബ ത്വവാഫ് ചെയ്യാൻ വന്നത്. അവരുടെകൂടെ ഒരു മഹ്റം (രക്തബന്ധമുള്ള) ആരുമുണ്ടായിരുന്നില്ല. കിസ്റയുടെ വിജയ സൈന്യത്തിൽ താനും ഉൾപ്പെട്ടിരുന്നു. ഇസ്‌ലാം സ്വീകരിച്ച ശേഷം ഹദ്റത്ത് അദിയ്യ് ഇസ്‌ലാമിക നിയമങ്ങൾ പാലിക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. നമസ്കാരത്തിന് എല്ലാ നേരത്തും വുളൂ എടുക്കുകയും നമസ്കാരം കൃത്യമായി നിർവഹിക്കുന്നതിൽ വളരെ ശ്രദ്ധയും തയ്യാറെടുപ്പും കാണിക്കുകയും ചെയ്തു.

ഹജ്ജിനു പോകുമ്പോൾ രക്തബന്ധമുള്ള ആരെങ്കിലും സ്ത്രീയുടെ കൂടെ ഉണ്ടായിരിക്കേണ്ടതുണ്ടോ എന്ന ചോദ്യം എപ്പോഴും ഉന്നയിക്കപ്പെടാറുണ്ട്. ആ സാഹചര്യത്തിൽ അത് അനിവാര്യമായിരുന്നു. ഇതിന് ഞാൻ പലപ്രാവശ്യം മറുപടിയും നല്കിയിരുന്നു. ഞാൻ പറഞ്ഞതിനെ ഈ സംഭവം പിന്തുണയ്ക്കുന്നു. അദ്ദേഹം പറയുന്നു: ഹീറയിൽനിന്ന് തനിച്ചുവന്ന് ഒരു സ്ത്രീ കഅ്ബ പ്രദക്ഷിണം ചെയ്യുന്നത് ഞാൻ നേരിട്ട് കണ്ടിട്ടുണ്ട്. അവളുടെ കൂടെ ആരുമുണ്ടായിരുന്നില്ല. അടുത്ത ബന്ധു ഉണ്ടായിരിക്കണമെന്ന നിബന്ധനയും ഇല്ലായിരുന്നു. ഹദ്റത്ത് അലിയുടെ ദൗത്യത്തിനു ശേഷം അൽപം കഴിഞ്ഞ് ത്വാഇഗോത്രത്തിന്റെ പ്രതിനിധി സംഘം നബിﷺതിരുമേനിയുടെ അടുത്തു വന്ന് ഇസ്‌ലാം സ്വീകരിച്ചു.*(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം, പേജ് 853-854, അമറ അദിയ്യുബിന് ഹാത്തിം, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 3, പേജ് 288,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്2002)(സ്വഹീഹ് ബുഖാരി, കിതാബുൽമനാഖിബ് ബാബു അലാമാത്തിന്നുബുവ്വത്തി ഫിൽ ഇസ് ലാമി, ഹദീഥ് 3595)(ഗസ്വയെ തബൂക്, ബാശമീൽ പേജ് 46-47, നഫീസ് അക്കാഡമി കറാച്ചി)(മുസ്വന്നിഫ് ഇബ്നു അബീ ശീബ മുത്തർറജിം വാള്യം 11, പേജ് 239-240, മക്തബ റഹ്മാനിയ്യ)(താരീഖുത്ത്വബരി വാള്യം 2, പേജ് 187-188, ദാറുൽകുതുബുൽ ഇൽമിയ്യ 1987)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺവാള്യം 9, പേജ് 442, ബസം ഇഖ്ബാൽ, ലാഹോർ)*

ഇനി ഉക്കാശഹ് ബിൻ മിഹ്സ്വന്റെ സരിയ്യത്തിനെ കുറിച്ച് പറയുന്നുണ്ട്. അത് ജിനാബിന്റെ ഭാഗത്തേക്കായിരുന്നു. ഹിജ്റ ഒൻപതാം വർഷം റബീയുൽ ആഖിർ മാസത്തിലാണ് ഈ സരിയ്യത്ത് നടന്നത്. ഹദ്റത്ത് ഉക്കാശയുടെ ഈ സരിയ്യത്ത് മദീനയുടെ വടക്കുഭാഗത്തുള്ള ജിനാബിന്റെ പരിസരത്ത് താമസിച്ചിരുന്ന ഉദ്റഹ് ബല്ലി ഗോത്രങ്ങളിലാണുണ്ടായത്. ചില നിവേദനങ്ങളിൽ ഈ പ്രദേശത്തിന്റെ പേര് ജിബാബ് എന്നും വിവരിക്കപ്പെട്ടിട്ടുണ്ട്.*(സുബുലുൽ ഹുദാ വർറശാദ്, വാള്യം 6, പേജ് 220, ദാറുൽകുതുബുൽ ഇൽമിയ്യ 1993) (അത്ത്വബഖാത്തുൽകകുബ്റാ ലിഇബ്നി സഅ്ദ് വാള്യം 2, പേജ് 124, ദാറുൽകുതുബുൽ ഇൽമിയ്യ ലബ്നാൻ 1990)(ശറഹ് അൽഅലാമുത്തുസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ് വാള്യം 4, പേജ് 50, ദാറുൽകുതുബുൽ ഇൽമിയ്യ 1996)(ഫർഹങ്കെസീറത്ത് പേജ് 197, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

ഈ സരിയ്യത്തിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ വിവരിക്കപ്പെട്ടിട്ടില്ല. ഈ സരിയ്യത്ത് അഥവാ യുദ്ധനീക്കം നടന്നുവെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ.*(അസ്സീറത്തുന്നബ്‌വിയ്യ അഹ്മദ് ബിൻ സയ്നീ ദഹ്‌ലാൻ വാള്യം 2, പേജ് 123, ദാറു അഹ്‌യാഉത്തുറാഥുൽഅറബി ബെയ്റുത്ത്)*

ഇനി തബൂക്ക് യുദ്ധത്തെക്കുറിച്ച് ചില പ്രാരംഭ കാര്യങ്ങൾ അവതരിപ്പിക്കുകയാണ്. ഹിജ്റ 9, റജബ് മാസം 9-(ക്രി.വ. 630 സെപ്റ്റംബർ)ലാണ് ഈ യുദ്ധം നടന്നത്. ഗാസ്‌വായെ ത്വാഇഫിനു ശേഷം, നബിﷺതിരുമേനി ഈ യുദ്ധത്തിന് പുറപ്പെട്ടു. ഇത് നബിﷺതിരുമേനിയുടെ ജീവിതത്തിലെ അവസാനത്തെ യുദ്ധം ആയിരുന്നു. തബൂക്ക് മദീനയിൽ നിന്ന് ഏകദേശം 685 കിലോമീറ്റർ അകലെയാണ്. *(സീറത്ത് ഖാത്തമുന്നബിയ്യീൻ പേജ് 842, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ رضی اللہ عنہ)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺവാള്യം 9, പേജ് 452-456, ബസം ഇഖ് ബാൽ, ലാഹോർ)*

തബൂക്ക് എന്ന അരുവിയുടെ അടുത്ത് തങ്ങിയതിനാലാണ് ഈ യുദ്ധത്തിന് ഈ പേര് ലഭിച്ചത്.


**• ഹദീഥുന്നബ്‌വിﷺ •**

**"അൽഅഅ്മാലു ബിൽ ഖവാതീമി"**
**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

തബൂക്കിന് അടുത്തെത്തിയപ്പോൾ നബിﷺതിരുമേനി യാത്രാസംഘത്തോട് പറഞ്ഞു: ഇന്നക്കും സതഅ്തൂന ഗദൻ ഇൻശാ അല്ലാഹു ഐന തബൂക്ക് ഇൻശാ അല്ലാഹ്, നിങ്ങൾ നാളെ തബൂക്കിലെ അരുവിയുടെ അടുത്തെത്തുന്നതായിരിക്കും.*(സ്വഹീഹ് മുസ്‌ലിം കിതാബുൽ ഫളാഇൽ ബാബു മുഅ്ജിസാത്തുന്നബി ﷺരിവായത്ത് നമ്പർ 706(5947) ദാറുൽ മഅ്രിഫ)*

വിശുദ്ധ ഖുർആനിൽ ഈ യുദ്ധത്തെ സാഅത്തുൽ ഉസ്റ് (ബുദ്ധിമുട്ടിന്റെ സമയം) എന്ന് വിശേഷിപ്പിച്ചതു കൊണ്ട് ഇതിന് ഗസ്‌വതുൽ ഉസ്ർ എന്നും പറയുന്നുണ്ട്.(9:117)*(സ്വഹീഹുൽ ബുഖാരി മുത്തർറജിം വാല്യം 9, പേജ് 300, കിതാബുൽ മഗാസി ബാബു ഗസ്‌വത്തു തബൂക് വഹിയ ഗസ്‌വത്തുൽ ഉസ്റാ, ഹാശിയ)(ശറഹ് അൽഅലാമുത്തുസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ്യ വാല്യം 4, പേജ് 66, ദാറുൽകുതുബുൽ ഇൽമിയ്യ 1996)*

കാരണം, മുസ്‌ലിമീങ്ങൾക്ക് കഠിനമായ ചൂട്, ദീർഘയാത്ര, വാഹനങ്ങളുടെ കുറവ്, വഴിയിലെ കടുത്ത ജലക്ഷാമം എന്നിങ്ങനെ നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നു. കൂടാതെ, സൈന്യത്തെ തയ്യാറാക്കാനുള്ള ചെലവുകൾക്കും കുറവുണ്ടായിരുന്നു. ഈ കഷ്ടപ്പാടുകൾ കാരണം ഇതിനെ ജയ്ശുൽ ഉസ്റാ *(ഞെരുക്കത്തിന്റെയും പ്രയാസത്തിന്റെയും സൈന്യം) എന്നും വിളിക്കുന്നു.(സ്വഹീഹുൽ ബുഖാരി കിതാബുൽമഗാസി ഹദീഥ് 4415)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാല്യം 9, പേജ് 445, മക്തബ ദാറുസ്സലാം)*

ഈ യുദ്ധത്തെ ഗസ്‌വത്തുൽ ഫാളിഹ എന്നും പറയുന്നു. അറബിയിൽ ഫളാഹത് എന്നാൽ അപമാനം, മറ നീങ്ങി വെളിപ്പെടുക എന്നൊക്കെയാണ് അർഥം. ഈ യുദ്ധം കാരണം നിരവധി കപടവിശ്വാസികളുടെ അവസ്ഥ വെളിച്ചത്തു വരികയും അവർ കൂടുതൽ അപമാനിതരാവുകയും ചെയ്തതിനാലാണ് ഈ പേര് ലഭിച്ചത്.*(അസ്സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 183, ഗസ്‌വത്തു തബൂക്,ദാറുൽകുതുബുൽ ഇൽമിയ്യ 2002)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹി ﷺവാല്യം 9, പേജ് 454, ബസം ഇഖ്ബാൽ, ലാഹോർ)*

തബൂക്ക് യുദ്ധത്തിന്റെ കാരണങ്ങളും പശ്ചാത്തലവും എന്താണെന്നു പറയാം. മദീനക്കാർക്ക് ബാഹ്യശക്തികളിൽനിന്നും, പ്രത്യേകിച്ച് റോമാ സാമ്രാജ്യത്തിന്റെ പിന്തുണയുള്ള ബനൂഗസ്സാൻ ഗോത്രത്തിന്റെ ആക്രമണ ഭീഷണി എപ്പോഴുമുണ്ടായിരുന്നു. റോമാക്കാരും ഗസ്സാനികളും ഒരു യുദ്ധത്തിന് തയ്യാറെടുക്കുന്നുവെന്ന വിവരങ്ങളുണ്ടായിരുന്നു. ഗസ്സാനികളുടെ ആക്രമണ ഭീഷണിയെക്കുറിച്ച് ഹദ്റത്ത് ഉമർؓതന്നെ പറഞ്ഞിട്ടുണ്ട്: 'ഗസ്സാനികളുടെ ആക്രമണം ഞങ്ങളെപ്പോഴും ഭയപ്പെട്ടിരുന്നു.' യുദ്ധം ഇതാ നടക്കാൻ പോകുന്നുവെന്ന ചിന്തയും വേവലാതിയും സദാ ഗ്രസിച്ചിരുന്നു.*(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 3, പേജ് 357, ദാറുൽകുതുബുൽ ഇൽമിയ്യ 2002) (സ്വഹീഹുൽ ബുഖാരി , കിതാബുത്തഫ്സീർ ഹദീഥ് 4913, മുത്തർറജിം വാല്യം 12, പേജ് 266)*

തബൂക്ക് യുദ്ധം പെട്ടെന്നുണ്ടാകാനുള്ള കാരണം ഒരു നിവേദനത്തിൽ വന്നിരിക്കുന്നത് ഇപ്രകാരമാണ്: 'സിറിയയിൽനിന്ന് ഒലിവ് ഓയിലുമായി മദീനയിലെത്തിയ ഒരു സംഘം വ്യാപാരികൾ മുസ്‌ലിമീങ്ങളോടു പറഞ്ഞു: റോമാക്കാർ സിറിയയിൽ ഒരു വലിയ സൈന്യത്തെ ഒരുക്കിയിട്ടുണ്ട്. ഹിർഖൽ രാജാവ് ആ സൈന്യത്തിനും സഖ്യകക്ഷികൾക്കും ഒരു വർഷത്തെ ചെലവ് നൽകിയിട്ടുണ്ട്. പോരാത്തതിന് ലഹ്മ്, ജുദാം, ആമില, ഗസ്സാൻ തുടങ്ങിയവരും മറ്റുള്ള ക്രിസ്ത്യൻ ഗോത്രങ്ങളും കൂടെ ചേർന്നിട്ടുണ്ട്. അവരുടെ മുൻനിര സൈന്യം ബൽഖാഅ് പ്രദേശം വരെ എത്തിക്കഴിഞ്ഞിരിക്കുന്നു. സിറിയയിലെ ദിമശ്ഖിനും വാദിയുൽ ഖുറായ്ക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണ് ബൽഖാഅ്.*(മുഅ്ജമുൽ ബുൽദാൻ, വാല്യം 1, പേജ് 579-580 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്)(സീറത്തുന്നബിﷺഡോക്ടർ അലി മുഹമ്മദ് സ്വലാബി വാല്യം 3, പേജ് 528, മക്തബ ദാറുസ്സലാം)(സുബുലുൽഹുദാ വർറശാദ്, വാല്യം 5, പേജ് 433, ദാറുൽകുതുബുൽ ഇൽമിയ്യ 1993)*

ഈ യുദ്ധത്തിന്റെ മറ്റൊരു കാരണം നിവേദനങ്ങളിൽ കാണുന്നത് ഇങ്ങനെയാണ്: അറബികളിലെ ക്രിസ്ത്യാനികൾ ഹിർഖലിന് എഴുതി: 'പ്രവാചകത്വം വാദിച്ച വ്യക്തി അതായത് മുഹമ്മദ്ﷺനശിച്ചുപോയിരിക്കുന്നു (നഊദു ബില്ലാഹ്). അദ്ദേഹത്തിന്റെ അനുചരന്മാരെ ക്ഷാമം ബാധിച്ചു, അവരുടെ കന്നുകാലികൾ നശിച്ചു, അതിനാൽ ഇപ്പോൾ അവരെ ആക്രമിക്കാനും ക്രിസ്തുമതത്തെ വിജയിപ്പിക്കാനും പറ്റിയ സമയമാണ്.' അതനുസരിച്ച്, അയാൾ നാൽപതിനായിരം സൈനികരുമായി ഒരു ജനറലിനെ അയച്ചു. ആ സൈനികമേധാവിയുടെ പേര് ഖബാദ് അല്ലെങ്കിൽ ഉന്നാദ് എന്നായിരുന്നു. ഈ വിവരം ലഭിച്ചപ്പോൾ നബിﷺതിരുമേനി സൈന്യത്തെ തയ്യാറാക്കാൻ കൽപ്പിച്ചു.*(ശറഹ് അൽഅലാമത്തുസ്സർഖാനീ അലൽമവാഹിബുല്ലദുന്നിയ വാല്യം 4, പേജ് 68, ദാറുൽകുതുബുൽ ഇൽമിയ്യ 1996) (അസ്സീറത്തുൽഹൽബിയ്യ വാല്യം 3, പേജ് 183, ദാറുൽകുതുബുൽ ഇൽമിയ്യ 2002)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാല്യം 9, പേജ് 447-448, മക്തബ ദാറുസ്സലാം)*

തബൂക് യുദ്ധത്തിന്റെ അടിസ്ഥാനപരമായ കാരണം മനസ്സിലാകുന്നത് ഇതാണ്: മക്കാവിജയത്തിനും, ഹുനയ്ൻ യുദ്ധത്തിൽ ഏറ്റവും ശക്തരായ ബനൂ ഹവാസിനെ കനത്ത തോൽവിക്ക് വിധേയമാക്കിയതിനും ശേഷം, അറേബ്യയുടെ ചുറ്റുമുള്ള ഗോത്രങ്ങളിൽ മുസ്‌ലിമീങ്ങൾക്ക് ആധിപത്യം ലഭിച്ചു. ഇത് കണ്ടപ്പോൾ ജൂതന്മാരും ക്രിസ്ത്യാനികളും കപടവിശ്വാസികളും വീണ്ടും സംഘടിച്ചു. തങ്ങളുടെ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ, അവർ അക്കാലത്തെ ലോകശക്തിയായ റോമൻ ചക്രവർത്തിയോടു സഹായം തേടാൻ തീരുമാനിച്ചു. ഇതിന് അവർ വളരെ ഭയാനകമായ പദ്ധതി ആസൂത്രണം ചെയ്തു.

ഒരു ഭാഗത്ത് അവർ ഖയ്സ്വർ ചക്രവർത്തിയുമായി ബന്ധപ്പെടാനും അവർ തങ്ങളുടെ സൈന്യത്തെ അയച്ച് മുസ്‌ലിമീങ്ങളെ ഉന്മൂലനം ചെയ്യാനും പദ്ധതി തയ്യാറാക്കി. മറുഭാഗത്ത്, കപടവിശ്വാസികൾ മദീനയിൽ ആദ്യമെതന്നെ കിസ്റ തന്റെ സൈന്യത്തെ അയ്ക്കുന്നുവെന്ന കിംവദന്തികൾ പരത്തി. അത് നബിﷺതിരുമേനി ഉൾപ്പെടെ എല്ലാ മുസ്‌ലിമീങ്ങളെയും നാമാവശേഷമാക്കുമെന്ന് പറഞ്ഞു പരത്തുകയും ചെയ്തു. ഇതുകൊണ്ട് കപടവിശ്വാസികളും എതിരാളികളും ആഗ്രഹിച്ചത്, നബി ﷺതിരുമേനി സൈന്യത്തെ നേരിടാൻ മദീനയിൽനിന്ന് സിറിയയിലേക്ക് പുറപ്പെട്ടേക്കും എന്നാണ്. രണ്ടായാലും യാത്രാക്ലേശം കൊണ്ടോ റോമാക്കാരുമായുള്ള ഏറ്റുമുട്ടൽ കൊണ്ടോ നബി ﷺതിരുമേനിയുടെയും മുസ്‌ലിമീങ്ങളുടെയും അന്ത്യം (നഊദു ബില്ലാഹ്) ഉറപ്പാണെന്ന് അവർ കരുതി.

എന്തായാലും, ഇത് അവരുടെ ആഗ്രഹമായിരുന്നു. ഇതിന്റെ കൂടുതൽ വിവരങ്ങൾ ഇൻശാ അല്ലാഹ് അടുത്ത ഖുത്ബയിൽ പറയുന്നതാണ്.

ഇന്ന് റബ്‌വയിലെ ഗോൽബസാറിലുള്ള മസ്ജിദ് മഹ്ദിയിൽ തീവ്രവാദികൾ ആക്രമണം നടത്തുകയും നമ്മുടെ അഞ്ചാറുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിൽ രണ്ടുപേരുടെ നില ഗുരുതരമാണ്. അവർക്ക് ഓപ്പറേഷൻ നടക്കുകയാണ്. അല്ലാഹു അവരുടെ നില മെച്ചപ്പെടുത്തുമാറാകട്ടെ. പരിക്കേറ്റ എല്ലാവർക്കും അല്ലാഹു ആശ്വാസം നൽകുമാറാകട്ടെ. ഗുരുതരമായി പരിക്കേറ്റ രണ്ടുപേർക്ക് വയറ്റിലാണ് വെടിയേറ്റത്. നമ്മുടെ സുരക്ഷാ ഉദ്യോഗസ്ഥർ ഒരു തീവ്രവാദിയെ കൊലപ്പെടുത്തിയിട്ടുണ്ട്. ഒരാൾ ഓടിപ്പോയി. ഇതാണ് ഇതിനകം ലഭിച്ച റിപ്പോർട്ട്. കൂടുതൽ വിവരങ്ങൾ ലഭിക്കാനുണ്ട്. ഈ തീവ്രവാദികളെയും നിയമം ലംഘിക്കുന്നവരെയും ജമാഅത്തിന്റെ ശത്രുക്കളെയും അല്ലാഹു പെട്ടെന്ന് പിടികൂടുമാറാകട്ടെ.

പഞ്ചാബ് സർക്കാർ, മുഖ്യമന്ത്രി, മറ്റു ഭരണകൂടങ്ങൾ എന്നിവർ പഞ്ചാബിൽ നൂറു ശതമാനം കുറ്റകൃത്യങ്ങൾ നിയന്ത്രിച്ചെന്നും കുറ്റവാളികളില്ലെന്നും അവകാശപ്പെടുന്നു. എന്നാൽ, അഹ്മദികൾക്കെതിരെ ദിനംപ്രതി നടക്കുന്ന ആക്രമണങ്ങൾ, കൊലപാതകങ്ങൾ (ശഹാദത്ത്), പരിക്കേൽപ്പിക്കൽ, സ്വത്തുക്കൾ അഗ്നിക്കിരയാക്കൽ എന്നിവയെല്ലാം ഒരുപക്ഷേ അവർ കുറ്റകൃത്യമായി കാണുന്നില്ലായിരിക്കും.

അല്ലാഹു ഈ ഭരണകൂടങ്ങൾക്ക് ബുദ്ധി നൽകുമാറാകട്ടെ, എത്രയും വേഗം അല്ലാഹു ജമാഅത്തിന്റെ കാര്യത്തിൽ തന്റെ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുമാറാകട്ടെ.

പേജ് 1 ൽ നിന്ന്

മത്തിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. പക്ഷേ, മാതാപിതാക്കളുടെ നന്മയ്ക്കു പകരം നല്കാൻ സാധിക്കുന്നതാണ്. അതിനാൽ അവരെ കുറിച്ച് പോസിറ്റീവായി കൽപ്പന നല്കി.

ഇസ്‌ലാം മാതാപിതാക്കൾക്ക് സേവ

നം ചെയ്യാൻ പ്രത്യേകം ഉപദേശങ്ങൾ നല്കി. നബിﷺതിരുമേനി പറഞ്ഞു:***മൻ അദ്റക്ക അഹദുൻ വാലിദയ്ഹി ഥുമ്മ ലം യുഗ്ഫർലഹു ഫ അബ്അദഹുല്ലാഹു അസ്സുവജ്ജല്ല*** (ഇബ്നു കഥീർ വാല്യം 6, പേജ് 61) തങ്ങളുടെ മാതാപിതാക്കളിൽ ആർക്കെങ്കിലും സേവനം ചെയ്യാൻ അവസരം കിട്ടിയിട്ടും അവന്റെ പാപം പൊറുക്കപ്പെടുന്നില്ലെങ്കിൽ അല്ലാഹു അവന്റെമേൽ ശാപം ചൊരിയട്ടെ. ഇതിന്റെ ഉദ്ദേശ്യം നന്മചെയ്യാൻ ഉദാത്തമായ അവസരം കിട്ടിയിട്ടും അവന് അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കാൻ സാധിച്ചിട്ടില്ലെങ്കിൽ സ്വർഗത്തിലെത്തുന്നതിന് അത്തരമാളുടെ പക്കൽ ഒരു മാർഗവുമില്ലെന്നാണ്. (തഫ്സീറെ കബീർ വാല്യം 4, പേജ് 321, പ്രസാധനം ഖാദിയാൻ 2010)

പേജ് 1 ൽ നിന്ന്

ആരാധിക്കുന്നത് അല്ലാഹു അനുവദിച്ചിരുന്നെങ്കിൽ നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളേയും ആരാധിക്കാൻ കൽപ്പിക്കുമായിരുന്നു. കാരണം അവരും ആലങ്കാരികമായി നിങ്ങളുടെ റബ്ബാണ്. എല്ലാ ഓരോ മനുഷ്യരും പ്രകൃതിപരമായി എത്രത്തോളമെന്നാൽ പക്ഷിമൃഗാദികൾപോലും തങ്ങളുടെ കുഞ്ഞുങ്ങളെ അവരുടെ കുട്ടിക്കാലത്ത് നഷ്ടപ്പെട്ടുപോകുന്നതിൽനിന്ന് രക്ഷിക്കുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ പരിപാലനത്തിനുശേഷം അവരുടേയും ഒരു പരിപാലനമുണ്ട്. പരിപാലനത്തിന്റെ ആവേശവും അല്ലാഹുവിൽനിന്നുള്ളതാണ്.(ഹഖീഖത്തുൽ വഹി പേജ് 204 - 205)

പേജ് 12 ൽ നിന്ന്

മുസ്‌ലിമീങ്ങൾ ഒരുപക്ഷേ, സിറിയയെ സ്വയം ആക്രമിക്കാൻ പോകുകയും അങ്ങനെ ഖയ്സ്വറിന്റെ (റോമൻ ചക്രവർത്തിയുടെ) ഭരണകൂടവും അവരും തമ്മിൽ യുദ്ധം തുടങ്ങുകയും ചെയ്യും. അങ്ങനെ നമ്മുടെ കാര്യം നടക്കുന്നതായിരിക്കും. ഇരു സാഹചര്യങ്ങളിലും നമുക്കാണ് ലാഭം. ആ പ്രക്ഷോഭകാരി അങ്ങനെ പറഞ്ഞു.

അതിനുവേണ്ടി അവരെ പ്രേരിപ്പിച്ചതിനുശേഷം അയാൾ സിറിയയിലേക്ക് പോയി. മദീനയിലെ കപടവിശ്വാസികൾ നിത്യവും മദീനയിൽ വാർത്തകൾ പ്രചരിപ്പിക്കാൻ തുടങ്ങി: ഒരു യാത്രാ സംഘം ഞങ്ങളെ കണ്ടിരുന്നു, സിറിയയിലെ സൈന്യം മദീനയെ ആക്രമിക്കാൻ തയ്യാറെടുക്കുകയാണെന്ന് അവർ പറഞ്ഞു. അടുത്ത ദിവസം വീണ്ടും അവർ പറയും: മറ്റൊരു യാത്രാ സംഘത്തിലെ ആളുകൾ ഞങ്ങളെ കണ്ടിരുന്നു, സിറിയയിലെ സൈന്യം മദീനയിലേക്ക് പടനീക്കം ചെയ്യാൻ പോകുകയാണെന്ന് അവർ പറഞ്ഞു.

ഈ വാർത്തകൾ അതിശക്തമായി പ്രചരിക്കാൻ തുടങ്ങിയപ്പോൾ, നബിﷺതിരുമേനി ഇസ്‌ലാമിക സൈന്യവുമായി സിറിയയിലെ സൈന്യങ്ങളെ നേരിടാൻ സ്വയം പുറപ്പെടുന്നത് ഉചിതമാണെന്ന് കരുതി. ആ സമയം മുസ്‌ലിമീങ്ങൾക്ക് വളരെ കഷ്ടപ്പാടുകൾ നേരിട്ടിരുന്നു. അത് ക്ഷാമത്തിന്റെ വർഷമായിരുന്നു. കഴിഞ്ഞ കൊയ്ത്തുകാലത്ത് വിളവുകളും പഴങ്ങളും കുറവായിരുന്നു. ഇത്തവണത്തെ വിളവുകൾ അതുവരെ തയ്യാറായിട്ടുമുണ്ടായിരുന്നില്ല. വിളവെടുപ്പ് കഴിഞ്ഞിരുന്നില്ല. സെപ്റ്റംബർ അവസാനമോ ഒക്ടോബർ ആദ്യമോ ആയിരുന്നു നബിﷺ തിരുമേനി ആ സരിയ്യത്തിന് അഥവാ ദൗത്യത്തിന് പുറപ്പെട്ടത്. ഇതെല്ലാം ഒരു ദുഷ്ടലാക്കാണെന്നും, സിറിയയിലെ സൈന്യം ആക്രമിച്ചില്ലെങ്കിൽ മുസ്‌ലിമീങ്ങൾത്തന്നെ സിറിയക്കാരോട് യുദ്ധത്തിന് പോകാനും അതുവഴി നശിച്ചു പോകാനുമാണ് തങ്ങൾ ഈ കുതന്ത്രങ്ങളെല്ലാം ചെയ്തതെന്നും കപടവിശ്വാസികൾക്ക് അറിയാമായിരുന്നു. മുഅ്ത്ത യുദ്ധത്തിന്റെ സാഹചര്യങ്ങൾ അവരുടെ മുന്നിലുണ്ടായിരുന്നു. അന്ന് മുസ്‌ലിമീങ്ങൾക്ക് വലിയൊരു സൈന്യത്തെ നേരിടേണ്ടി വരുകയും വളരെയധികം നഷ്ടങ്ങൾ സഹിച്ചശേഷം കഷ്ടിച്ചു രക്ഷപ്പെടുകയുമാണ് ചെയ്തത്. ഇപ്പോൾ അവർ തങ്ങളുടെ കണ്ണുകൊണ്ട് മറ്റൊരു മുഅ്ത്ത യുദ്ധം കാണാൻ ആഗ്രഹിച്ചു. അതിൽ നബിﷺതിരുമേനി തന്നെയും (നഊദുബില്ലാഹ്) അവരുടെ ചിന്തയിൽ രക്തസാക്ഷിയാകുമായിരുന്നു.

അതുകൊണ്ട്, ഒരുവശത്ത് കപടവിശ്വാസികൾ ദിനേന കിംവദന്തികൾ പരത്തി: ഇന്നയിന്ന സ്രോതസ്സുകളിലൂടെ ഞങ്ങളറിഞ്ഞത് ശത്രു ആക്രമിക്കാൻ പോകുന്നുവെന്നും ഇന്നയിന്ന സ്രോതസ്സുകളിലൂടെ ഞങ്ങളറിഞ്ഞത് സിറിയയിലെ സൈന്യം വരുന്നു എന്നുമാണ്. മറുവശത്ത് അവർ ആളുകളെ ഭയപ്പെടുത്തി: ഇത്രയും വലിയ സൈന്യത്തെ നേരിടുന്നത് എളുപ്പമല്ല. നിങ്ങൾ യുദ്ധത്തിന് പോകരുത്. ഈ പ്രവർത്തനങ്ങളിലൂടെ അവരുടെ ലക്ഷ്യം ഇതായിരുന്നു: മുസ്‌ലിമീങ്ങൾ സിറിയയെ ആക്രമിക്കാൻ പോകണം. എന്നാൽ, കഴിയുന്നത്ര കുറഞ്ഞ അംഗബലത്തിൽ മാത്രം പോകേണ്ടതാണ്. അതിലൂടെ അവരുടെ തോൽവി പരമാവധി സുനിശ്ചിതമാകണം. എണ്ണം കുറവാണെങ്കിൽ തോൽവി ഉറപ്പാകുമല്ലോ."*(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാല്യം 20, പേജ് 459-360)*

എന്തായാലും ലഭ്യമായ വാർത്തകളുടെ അടിസ്ഥാനത്തിൽ നബിﷺതിരുമേനി സാഹചര്യങ്ങളും സംഭവങ്ങളും വിലയിരുത്തി ഒരു നിഗമനത്തിലെത്തി: റോമക്കാരെ നേരിടുന്നതിൽ കാലതാമസം വരുത്തുകയോ മുസലിം സ്വാധീനമുള്ള പ്രദേശങ്ങളിൽ പ്രവേശിക്കാൻ അവർക്ക് അവസരം നല്കുകയോ ചെയ്താൽ അതിന്റെ നാശനഷ്ടങ്ങൾ ഭീമമായിരിക്കും. അതുകൊണ്ട് കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുമുണ്ടാ യിരുന്നിട്ടും റോമക്കാർക്ക് മുന്നോട്ടുവരാൻ അവസരം നല്കാതെ, അവരുടെ പ്രദേശത്ത് ചെന്ന് അവർക്കെതിരെ ഒരു നിർണായക യുദ്ധം നടത്താൻ അവിടന്ന്ﷺതീരുമാനിച്ചു.*(ഖാത്തമുന്നബിയ്യീൻﷺ, മുഹമ്മദു അബൂസുഹ്റാ വാല്യം 3, പേജ് 951-952 ദാറുൽഫിക്ർ അൽഅറബി 2012)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്رضഇത് മറ്റൊരിടത്ത് ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: നബിﷺ തിരുമേനി ഈ കിംവദന്തികൾ കേട്ടപ്പോൾ ഇപ്രകാരം കൽപ്പിച്ചു: 'റോമക്കാർവന്ന് നമ്മുടെ മേൽ ആക്രമിക്കുന്നതിനുപകരം, നമ്മൾ അതിർത്തിയിൽപ്പോയി അവരെ തടയണം. അവിടന്ന് ﷺമുസ് ലിമീങ്ങളോട് ഒരുക്കങ്ങൾ നടത്താൻ ആഹ്വാനം ചെയ്തു.'*(ഖുത്ബാത്തെ മഹ്മൂദ് വാല്യം 22, പേജ് 135, ഖുത്ബ ജുമുഅ 1941 മാർച്ച് 14)*

ആദ്യത്തെ ഒരു ഉദ്ധരണി ഞാൻ ഒരു ചരിത്ര ഗ്രന്ഥത്തിൽ നിന്നാണ് നല്കിയത്. ഈ ഭാഗം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിرضന്റേതാണ്. എന്തായാലും, നബിﷺതിരുമേനി പൊതുവെ സൈനിക നീക്കങ്ങൾ രഹസ്യമായി വെക്കാറുണ്ടായിരുന്നു. എന്നാൽ, ഖയ്ബർ യുദ്ധത്തിനുശേഷം, തബൂക്ക് യുദ്ധം അവിടന്ന് പരസ്യമായി പ്രഖ്യാപിച്ചു. വഴിയിലെ ബുദ്ധിമുട്ടുകളെക്കുറിച്ചും ശത്രുക്കളുടെ ബാഹുല്യത്തെക്കുറിച്ചും മുൻകൂട്ടി അറിയിച്ചുകൊണ്ട് അവിടന്ന് ഒരുങ്ങാൻ ഉപദേശിച്ചു. *(സ്വഹീഹ് ബുഖാരി, കിതാബുൽ ജിഹാദിവ സ്സയ്ർ ഹദീഥ് 2948,മുത്തർജിം വാല്യം 5, പേജ് 303).* ഈ നിവേദനം ബുഖാരിയിൽ വന്നതാണ്. അതോടൊപ്പം മക്കയിലേക്കും


**• ഹദീഥുന്നബ്വിﷺ •**



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്വിﷺ •**

**"അത്തഅ്സിയത്തു മർറത്തുൻ."**
**അനുശോചനം ഒറ്റത്തവണ മതി.**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

**• ഹദീഥുന്നബ്വിﷺ •**

**"അദ്ദുആഉ ഹുവൽ ഇബാദത്തു."**
**ദുആ തന്നെയാണ് യഥാർഥ ആരാധന**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

മറ്റു അറബ് ഗോത്രങ്ങളിലേക്കും അവിടന്ന് ആളുകളെ അയച്ചുകൊണ്ട് അവരോടു സൈന്യത്തിൽ ചേരാനാവശ്യപ്പെടുകയും ചെയ്തു. മറുവശത്ത്, ധനികരായ ആളുകളോടു നബിﷺതിരുമേനി അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ സമ്പത്ത് ചെലവഴിക്കാനും ആവശ്യപ്പെട്ടു. *(അസ്സീറത്തുൽ ഹൽബിയ്യ വാള്യം 3, പേജ് 183, ഗസ്‌വയെ തബൂക്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2002)*

നബിﷺതിരുമേനി വിവിധ ഗോത്രങ്ങളിലേക്ക് യുദ്ധത്തിൽ പങ്കുചേരാനുള്ള സന്ദേശമയക്കുകയും അതിന് പ്രതിനിധികളെ അയക്കുകയും ചെയ്തു. നേരത്തെ സൂചിപ്പിച്ചതുപോലെ ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബിനെ ബനൂഅസ്‌ലം ഗോത്രത്തിലേക്കും ഹദ്റത്ത് അബൂറുഹും ഗിഫ്ഫാരിയെ തന്റെ ഗോത്രമായ ബനൂഗിഫാറിലേക്കും, ഹദ്റത്ത് അബൂ വാഖിദ് ലയ്ഥിയെ തന്റെ ഗോത്രമായ ലയ്ഥിലേക്കും, ഹദ്റത്ത് അബൂജഅ്ദ് ളംരിയെ അദ്ദേഹത്തിന്റെ ഗോത്രത്തിലേക്കും അയച്ചു. ഹദ്റത്ത് റാഫിഅ് ബിൻ മഖീഥിനെ ജുഹയ്നഹ് ഗോത്രത്തിലേക്കും അതുപോലെ ഹദ്റത്ത് നുഅയിം ബിൻ മസ്ഊദിനെ അശ്ജഅ് ഗോത്രത്തിലേക്കും, ബുദയ്ൽ ബിൻ വർഖയേയും അംറ് ബിൻ സാലിമിനേയും ബുസ്ർ ബിൻ സുഫിയാനേയും ബനൂ കഅ്ബ് ബിൻ അംറ് ഗോത്രങ്ങളിലേക്കും അയച്ചു. അതുപോലെ അബ്ബാസ് ബിൻ മിർദാസിനെ ബനൂ സുലയിം ഗോത്രത്തിലേക്കും അയച്ചു.*(ഇംതാഉൽഅസ്മാഅ് വാള്യം 2, പേജ് 47, ഗസ്‌വയെ തബൂക്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1999)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺവാള്യം 9, പേജ് 485, നാശിർ ബസം ഇഖ്ബാൽ ലാഹോർ)*

ആ സമയത്ത് മദീനയിൽ കടുത്ത ഭീതിയുടെ അന്തരീക്ഷം തളംകെട്ടിയിരുന്നു. ശക്തനായ ശത്രു ഏതുസമയത്തും ആക്രമിക്കാമെന്നതായിരുന്നു അതിനു കാരണം. ബുഖാരിയിലെ ഒരു റിപ്പോർട്ട് പ്രകാരം, ഹദ്റത്ത് ഉമർؓപറയുന്നു: 'ഒരു ഗസ്സാനി രാജാവ് ഞങ്ങളോടു യുദ്ധം ചെയ്യാൻ കുതിരകൾക്ക് ലാടം വരെ അടിച്ചു കഴിഞ്ഞിരിക്കുന്നു, അതായത് പൂർണ്ണമായി ഒരുങ്ങി കഴിഞ്ഞിരിക്കുന്നു എന്ന് പരസ്പരം ഞങ്ങൾ സംസാരിക്കാറുണ്ടായിരുന്നു. ബുഖാരിയിലെതന്നെ മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് ഉമറിന്റെ വിവരണം ഇപ്രകാരമാണു വന്നിരിക്കുന്നത്: 'ഞങ്ങൾ ഒരു ഗസ്സാനി രാജാവിനെ ഭയപ്പെട്ടിരുന്നു. അദ്ദേഹം ഞങ്ങളെ ആക്രമിക്കാൻ ഒരുങ്ങുകയാണെന്ന് ഞങ്ങൾക്ക് വിവരം ലഭിച്ചിരുന്നു. ആ അന്തരീക്ഷത്തിൽ ഞങ്ങളുടെ നെഞ്ചുകൾ ഭയംകൊണ്ട് നിറഞ്ഞിരുന്നു.'*(സ്വഹീഹ് ബുഖാരി, കരിതാബുൽ മളാലിമി വൽഗസ്ബി ബാബുൽഗുർഫത്തി വൽ ഉല്ലിയത്തിൽമുശ്രിഫത്തി വ ഗയ്രിൽ മുശ്രിഫത്തി ഫിസ്സുത്തൂഹി വ ഗയ്രിഹാ ഹദീഥ് നമ്പർ 2468, കിതാബുത്തഫ്സീർ ബാബു തബ്ത്തഗീ മർളാത്ത അസ്വാജിക്ക ഹദീഥ് നമ്പർ 4913)*

എന്തായാലും ഇത്തരം സാഹചര്യത്തിലും തിരുസ്വഹാബത്തിന്റെ ഒരുക്കങ്ങളുടെയും സാമ്പത്തിക ത്യാഗങ്ങളുടെയും ഈമാൻ വർദ്ധകമായ കാഴ്ചകളും പ്രകടമായി. അതിനെക്കുറിച്ചുള്ള വിശദാംശങ്ങളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: ഈ ഭയാശങ്കകളോടൊപ്പം, ആ സമയത്ത് മദീന കടുത്ത ക്ഷാമം നേരിടുകയായിരുന്നു. വിളവുകളും പഴങ്ങളും വിളഞ്ഞു പാകമാകാൻ തുടങ്ങിയിരുന്നു. ഈ ക്ഷാമത്തിനിടയിൽ ആളുകൾ തങ്ങളുടെ വിളകൾ ശേഖരിക്കുന്നതിന്റെ ചിന്തയിലും ഒരുക്കത്തിലുമായിരുന്നു. അപ്പോഴാണ് ജിഹാദിന് (യുദ്ധത്തിന്) പുറപ്പെടാനുള്ള പ്രഖ്യാപനം വന്നത്. അതിനു പുറമേ കഠിനമായ ചൂടുകാലവും, നൂറുക്കണക്കിന് മൈലുകൾ താണ്ടിയുള്ള യാത്രയും യാത്രാവിഭവങ്ങളുടെ ദൗർബല്യവും. ഈ പ്രശ്നങ്ങളെല്ലാം നിലനിൽക്കെ, നബിﷺതിരുമേനി ജിഹാദിന് പോകാൻ പ്രഖ്യാപിച്ചപ്പോൾ, ആത്മാർഥതയുടെയും വിശ്വസ്തതയുടെയും ആൾരൂപങ്ങളായ ഈ വിശ്വസ്ത ഭക്തന്മാർ, തങ്ങളുടെ തയ്യാറായ വിളകളും പാകമായ പഴങ്ങളും ഉപേക്ഷിച്ച് യാത്രക്കൊരുങ്ങി. ഇത്രയും ദൂരമുള്ള യാത്രയ്ക്കുള്ള ഒരുക്കം, ആത്മാർഥരും എന്നാൽ, ദരിദ്രരുമായ ഈ സ്വഹാബാക്കൾക്ക് ഒരു എളുപ്പമുള്ള കാര്യമായിരുന്നില്ല. ഈ പ്രയാസകരമായ നിമിഷങ്ങളെക്കുറിച്ച് നബിﷺതിരുമേനിക്കും നന്നായി അറിയാമായിരുന്നു. അതുകൊണ്ട്, അവിടന്ന് സാമ്പത്തിക ത്യാഗത്തിന് ഒരു പൊതു ആഹ്വാനം നടത്തുകയും ധനികരോട് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാനും വാഹനങ്ങൾ ഒരുക്കാനും ആവശ്യപ്പെടുകയും ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: മൻജഹ്ഹസ ജയ്ശൽഉസ്റത്തി ഫലഹുൽ ജന്നത്തു കഷ്ടപ്പാടിന്റെ സൈന്യത്തെ – അതായത് തബൂക്ക് യുദ്ധ സൈന്യത്തെ – ആരെങ്കിലും സാധനസാമഗ്രികൾകൊണ്ട് സജ്ജമാക്കിയാൽ, അവന് സ്വർഗം ലിക്കുന്നതാണ്.*(സ്വഹീഹ് ബുഖാരി, കിതാബുൽവസ്വായാ, ബാബു ഇദാ വഖഫ അർളൻ ഔ ബിഅ്റൻ...... നമ്പർ 2768)*

ഈ സന്ദർഭത്തിൽ ഏറ്റവുമാദ്യം ധനവുമായി വന്ന വ്യക്തി ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് ؓ ആയിരുന്നു. അദ്ദേഹം തന്റെ വീട്ടിലെ മുഴുവൻ സമ്പത്തും കൊണ്ടുവന്നു. അത് നാലായിരം ദിർഹം ആയിരുന്നു. നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിനോട്ؓചോദിച്ചു: 'വീട്ടുകാർക്കുവേണ്ടി എന്തെങ്കിലും ബാക്കി വച്ചിട്ടുണ്ടോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഞാൻ അവർക്കുവേണ്ടി വിട്ടുംവെച്ച് വന്നിരിക്കുന്നു.'

ഹദ്റത്ത് ഉമർؓപറയുന്നു: ഞാൻ പറഞ്ഞു, അല്ലാഹുവണെസത്യം! അദ്ദേഹത്തെക്കാൾ മുമ്പിട്ടുപോകാൻ ഒരു കാര്യത്തിലും സാധിക്കുകയില്ല.'

ഒരു നിവേദനത്തിൽ ഹദ്റത്ത് ഉമർؓതന്റെ അനുഭവം വിവരിക്കുന്നു: നബിﷺതിരുമേനി ഞങ്ങളോടു സ്വദഖ(ദാനധർമ്മം)ചെയ്യാൻ കൽപ്പിച്ചു. ആ സമയത്ത് എന്റെ കൈയിൽ സമ്പത്തുണ്ടായിരുന്നു. ഞാൻ ആത്മഗതം ചെയ്തു: എന്നെങ്കിലും അബൂബക്റിനെ എനിക്ക് മറികടക്കാൻ കഴിയുമെങ്കിൽ, ഇന്നത്തെ ദിവസമാണ് അതിനു പറ്റിയത്. അദ്ദേഹം പറഞ്ഞു: 'ഞാൻ എന്റെ സമ്പത്തിന്റെ പകുതി കൊണ്ടുവന്നു. അപ്പോൾ നബിﷺതിരുമേനി ചോദിച്ചു: നിങ്ങളുടെ വീട്ടുകാർക്കുവേണ്ടി നിങ്ങളെന്താണ് ബാക്കിവെച്ചത്? ഞാൻ പറഞ്ഞു: 'ഞാൻ കൊണ്ടുവന്നത്രയുംതന്നെ ഞാൻ വീട്ടുകാർക്കുവേണ്ടി ബാക്കിവെച്ചിട്ടുണ്ട്.' എന്നാൽ, ഹദ്റത്ത് അബൂബക്ർؓതന്റെ കൈവശമുള്ളതെല്ലാം കൊണ്ടുവന്നിരുന്നു. അപ്പോൾ നബിﷺതിരുമേനി ഹദ്റത്ത് ഉമറിന്റെ മുന്നിൽവെച്ച് ചോദിച്ചു: 'അബൂബക്റേ! താങ്കളുടെ വീട്ടുകാർക്കുവേണ്ടി താങ്കളെന്താണ് ബാക്കിവച്ചത്? അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഞാൻ അവർക്കുവേണ്ടി ബാക്കി വച്ചു. ഹദ്റത്ത് ഉമർؓപറയുന്നു: 'അല്ലാഹുവാണെ സത്യം! ഒരവസ്ഥയിലും അദ്ദേഹത്തെ മറികടക്കാൻ എനിക്ക് സാധിക്കുകയില്ല.'*(സുനൻ അത്തുർമുദി അബ് വാബുൽ മനാഖിബ്, ഹദീഥ് 3675)(ശറഹ് അൽഅലാമത്തുസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ വാള്യം 4, പേജ് 69, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 1996)*

ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓതന്റെ വാക്കുകളിലും ഇപ്രകാരം വിവരിച്ചിട്ടുണ്ട്: 'ഒരു യുദ്ധ സന്ദർഭവുമായി ബന്ധപ്പെട്ട് ഹദ്റത്ത് ഉമർؓപറയുന്നു: 'ഹദ്റത്ത് അബൂബക്ർ എപ്പോഴും എന്നെ കവച്ചുവെക്കുന്നു. ഇന്ന് ഞാൻ അദ്ദേഹത്തെ മറികടക്കു

• ഹദീഥുന്നബ്‌വിﷺ •

"അൽഅയ്മനു ഫൽ അയ്മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുൻയാ മസ്റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

മെന്ന് ഞാൻ വിചാരിച്ചു. ഇങ്ങനെ വിചാരിച്ച് ഞാൻ വീട്ടിൽപ്പോയി എന്റെ സമ്പത്തിന്റെ പകുതിയെടുത്ത് നബിﷺതിരുമേനിയുടെ സന്നിധിയിൽ സമർപ്പിക്കാൻ കൊണ്ടുവന്നു. ആ കാലഘട്ടം ഇസ്‌ലാമിന് കൊടിയ ദുരിതത്തിന്റേതായിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർﷺതന്റെ മുഴുവൻ സമ്പത്തും കൊണ്ടുവന്ന് നബിﷺതിരുമേനിയുടെ സന്നിധിയിൽ സമർപ്പിച്ചു. നബിﷺതിരുമേനി ചോദിച്ചു: അബൂബക്ർ, വീട്ടിലെന്താണ് ബാക്കിവെച്ചത്? അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെയും അവന്റെ റസൂലിനെയും.' ഹദ്റത്ത് ഉമർﷺപറയുന്നു: 'ഇതു കേട്ടപ്പോൾ എനിക്ക് കഠിനമായ ലജ്ജ തോന്നി. ഇന്ന് ഞാനെന്റെ എല്ലാ ശക്തിയും ഉപയോഗിച്ച് അബൂബക്റിനെ മറികടക്കാൻ ആഗ്രഹിച്ചു. എന്നാൽ, ഇന്നും അബൂബക്ർ എന്നെ മറികടന്നുവെന്ന് ഞാൻ മനസ്സിലാക്കി.'*(ഫളാഇലുൽ ഖുർആൻ(3), അൻവാറുൽ ഉലൂം വാള്യം 11, പേജ് 577)*

ഹദ്റത്ത് ഉഥ്മാൻﷺന്റെ സാമ്പത്തിക ത്യാഗത്തെക്കുറിച്ച് ഒരു റിപ്പോർട്ടിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഖബ്ബാബ്ﷺവിവരിക്കുന്നത് ഇപ്രകാരമാണ്: ഞാൻ നബിﷺതിരുമേനിയുടെ സന്നിധിയിലുണ്ടായിരുന്നു. അവിടന്ന് ഉസ്റഃ(കഷ്ടപ്പാട്) സൈന്യത്തെക്കുറിച്ച് ആഹ്വാനം ചെയ്യുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻﷺഎഴുന്നേറ്റ് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവിന്റെ മാർഗത്തിൽ നൂറ് ഒട്ടകവും അവയുടെ പല്ലക്കുകളും ജീനിപ്പലകകളുമടക്കം എന്റെ വക. വീണ്ടും നബിﷺതിരുമേനി സൈന്യത്തെക്കുറിച്ച് ആഹ്വാനം ചെയ്തു. അപ്പോഴും ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻﷺഎഴുന്നേറ്റ് നിന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്, അല്ലാഹുവിന്റെ മാർഗത്തിൽ ഇരുനൂറ് ഒട്ടകവും അവയുടെ പല്ലക്കുകളും ജീനിപ്പലകകളുമടക്കം എന്റെ വക.' അതു കേട്ടതിനു ശേഷവും നബിﷺതിരുമേനി സൈന്യത്തെക്കുറിച്ച് വീണ്ടും ആഹ്വാനം ചെയ്തു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻﷺഎഴുന്നേറ്റ് നിന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്, അല്ലാഹുവിന്റെ മാർഗത്തിൽ മുന്നൂറ് ഒട്ടകവും അവയുടെ പല്ലക്കുകളും ജീനിപ്പലകകളുമടക്കം എന്റെ വക.' നബിﷺതിരുമേനി പ്രസംഗപീഠത്തിൽനിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു. അവിടന്ന് ഇപ്രകാരം പറയുകയായിരുന്നു:

***മാ അലാ ഉഥ്മാന മാ അമില ബഅ്ദ ഹാദിഹീ-മാ അലാ ഉഥ്മാന മാ അമില ബഅ്ദ ഹാദിഹീ***

ഇതിനു ശേഷം ഉഥ്മാൻ എന്ത് പ്രവർത്തിച്ചാലും അതിന്റെ പേരിൽ അദ്ദേഹത്തിനുമേൽ ഒരുവിധ പിടിത്തവുമില്ല. ഇതിനു ശേഷം ഉഥ്മാൻ എന്ത് പ്രവർത്തിച്ചാലും അതിന്റെ പേരിൽ അദ്ദേഹത്തിനുമേൽ ഒരുവിധ പിടിത്തവുമില്ല.

മറ്റൊരു നിവേദനത്തിലുണ്ട്, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ സംറﷺപറയുന്നു: ഹദ്റത്ത് ഉഥ്മാൻ ﷺജയ്ശുൽ ഉസ്റത്തിനെ (കഷ്ടപ്പാടിന്റെ സൈന്യത്തെ) തയ്യാറാക്കുന്ന വേളയിൽ, ആയിരം ദീനാർ നബിﷺതിരുമേനിയുടെ സന്നിധിയിൽ സമർപ്പിച്ചു. അദ്ദേഹം ജയ്ശുൽ ഉസ്റത്തിനെ സജ്ജമാക്കുകയും ആ സംഖ്യ നബിﷺതിരുമേനിയുടെ മടിയിൽ വെച്ചുകൊടുക്കുകയും ചെയത്പ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ﷺ പറയുന്നു: നബിﷺതിരുമേനി ആ ദീനാറുകൾ തന്റെ മടിയിൽ വെച്ച് തിരിക്കുകയും മറിക്കുകയും ചെയ്തുകൊണ്ട് ഇപ്രകാരം പറയുന്നതായി ഞാൻ കണ്ടു: ***മാ ളർറ ഉഥ്മാന മാ അമില ബഅ്ദൽ യൗമി*** 'ഇന്നത്തെ ദിവസത്തിനുശേഷം ഉഥ്മാൻ എന്ത് പ്രവർത്തിച്ചാലും അതൊന്നും അദ്ദേഹത്തിന് ദോഷം വരുത്തുകയില്ല.' അവിടന്ന് ഇത് രണ്ടുതവണ ആവർത്തിച്ചു.

ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഉഥ്മാൻﷺഈ സന്ദർഭത്തിൽ പതിനായിരം ദീനാർ സംഭാവന നല്കിയപ്പോൾ, നബിﷺതിരുമേനി അദ്ദേഹത്തിനുവേണ്ടി ഇപ്രകാരം ദുആ ചെയ്തു:

***ഗഫറല്ലാഹു ലക്ക യാ ഉഥ്മാനു മാ അസ്റർത്ത വമാ അഅ്ലൻത വമാഹുവ കാഇനുൻ ഇലാ യൗമിൽ ഖിയാമത്തി മാ യുബാലീ മാ അമില ബഅ്ദഹാ***

"അല്ലാഹുവേ, ഉഥ്മാന്-അദ്ദേഹം രഹസ്യമായി ചെയ്ത കാര്യങ്ങളിലും പരസ്യമായി ചെയ്ത കാര്യങ്ങളിലും, ഖിയാമത്തുനാൾ വരെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളിലും-നീ പാപമോചനം നല്കേണമേ. ഇതിനുശേഷം അദ്ദേഹം എന്തുചെയ്താലും അദ്ദേഹം വേവലാതിപ്പെടേണ്ടതില്ല."


ഒരു നിവേദനമനുസരിച്ച്, അദ്ദേഹം ഈ യുദ്ധത്തിന്റെ ഒരുക്കങ്ങൾക്ക് ആയിരം ഒട്ടകവും എഴുപത് കുതിരയും സമർപ്പിച്ചു. മറ്റൊരു നിവേദനത്തിൽ, നബിﷺതിരുമേനി ഈ സന്ദർഭത്തിൽ ഹദ്റത്ത് ഉഥ്മാന്റെﷺകാര്യത്തിൽ ഇങ്ങനെ ദുആ ചെയ്തു:

***അല്ലാഹുമ്മർള അൻ ഉഥ്മാന ഫഇന്നീ അൻഹു റാളിൻ*** 'അല്ലാഹുവേ, നീ ഉഥ്മാനോട് തൃപ്തിപ്പെടേണമേ, കാരണം ഞാനും അദ്ദേഹത്തിൽ തൃപ്തനാണ്.'ഇബ്നു ഇസ്ഹാഖ്ﷺപറയുന്നു: തബൂക്ക് യുദ്ധ സന്ദർഭത്തിൽ ഹദ്റത്ത് ഉഥ്മാൻﷺചെലവഴിച്ചത്ര തുക മറ്റൊരു സ്വഹാബിക്കും ചെലവഴിക്കാൻ സാധിച്ചില്ല.*(സുനൻ അത്തുർമുദി അബ്‌വാബുൽ മനാഖിബ് അൻ റസൂലില്ലാഹി ﷺ ഹദീഥ് 3700,3701)(അസ്സീറത്തുന്നബ്‌വിയ്യ ലിഇബ്നി ഇസ്ഹാഖ് വാള്യം 2, പേജ് 596-597, ദാറുൽകുതുബുൽ ഇൽമിയ്യ 2004) (ശറഹ് അൽഅലാമത്തിസ്സർഖാനീ അലൽമവാഹിബുല്ലദുന്നിയ വാള്യം 4, പേജ് 69-71, ദാറുൽകുതുബുൽ ഇൽമിയ്യ 1996)(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 184, ഗസ്‌വയെ തബൂക് ദാറുൽകുതുബുൽ ഇൽമിയ്യ 2002)*

ഹദ്റത്ത് ഉഥ്മാനിന്റെﷺഒരു വ്യാപാര സംഘം സിറിയയിൽ നിന്ന് ധാരാളം ലാഭവുമായി തിരിച്ചെത്തി. അപ്പോൾ അദ്ദേഹം സൈന്യത്തിന്റെ മൊത്തം ചെലവിന്റെ മൂന്നിലൊന്ന് താൻ വഹിക്കാമെന്ന് ഏറ്റു. മൂന്നിലൊന്ന് സൈന്യത്തിന്റെ ചെലവ് അദ്ദേഹം വഹിക്കാമെന്ന് പറഞ്ഞു. പതിനായിരത്തിലധികം സൈനികർക്കുള്ള സാമഗ്രികൾ അദ്ദേഹമൊരുക്കി. ഓരോ സൈനികനും വേണ്ടി ചെരുപ്പിന്റെ വാർപോലും അദ്ദേഹത്തിന്റെ പണത്തിൽനിന്ന് ചെലവഴിക്കപ്പെട്ടുവെന്ന് ഉറപ്പുവരുത്തി. അതായത് അവരുടെ ഏറ്റവും നിസ്സാരമായ വസ്തുവിനുപോലും അദ്ദേഹം സ്വയം ചെലവുചെയ്തു. ഇതിനുവേണ്ടി ഒട്ടകങ്ങൾക്കും കുതിരകൾക്കും പുറമെ പതിനായിരം ദീനാർ അദ്ദേഹം ചെലവഴിച്ചു. കൂടാതെ, ആയിരം ഒട്ടകവും നൂറ് കുതിരയും മറ്റുസാമഗ്രികളോടൊപ്പം ആയിരം ദീനാറും നബിﷺതിരുമേനിയുടെ തിരുസന്നിധിയിൽ സമർപ്പിച്ചു. ഈ ആയിരം ദീനാർ പതിനായിരം സൈനികരെ തയ്യാറാക്കുന്നതിന് ചെലവഴിച്ച പതിനായിരം ദീനാറിന് പുറമെയായിരുന്നു. ഈ സന്ദർഭത്തിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്ﷺനൂറ് ഊഖിയ വെള്ളി സമർപ്പിച്ചു. ചില റിപ്പോർട്ടുകളനുസരിച്ച് ഇരുനൂറ് ഊഖിയ വെള്ളി സമർപ്പിച്ചു. ഈ ഊഖിയ എന്നത് ഒരു അളവാണ്. അത് ഏകദേശം പത്തര തോലയ്ക്ക് അതായത് 105 ഗ്രാമിന് തുല്യമാണ്. അതായത്, ആയിരത്തി അൻപത് തോല മുതൽ രണ്ടായിരത്തി ഒരുനൂറ് തോല വരെ വെള്ളി, അല്ലെങ്കിൽ ഇന്നത്തെ കാലത്തെ കണക്കനുസരിച്ച് ഒന്നേകാൽ കിലോ മുതൽ രണ്ടര കിലോഗ്രാം വെള്ളിവരെ. (തുടരും)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

ഹദീഥുന്നബവിﷺ
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവിﷺ
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feels more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 20 November 2025 Issue-47

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ഖുത്ബ ജുമുഅ

**നബിﷺതിരുമേനി ഹദ്റത്ത് അബൂബക്റിനോട്رضي الله عنه ചോദിച്ചു: 'വീട്ടുകാർക്കുവേണ്ടി എന്തെങ്കിലും ബാക്കി വച്ചിട്ടുണ്ടോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനെയും അവന്റെ റസൂലിനെയും ഞാൻ അവർക്കു വേണ്ടി വിട്ടുംവെച്ച് വന്നിരിക്കുന്നു.'**

**തബൂക് യുദ്ധത്തിനുവേണ്ടി നബിﷺതിരുമേനി ഞെരുക്കവും വിഷമവുമുണ്ടായിട്ടും, റോമക്കാരുടെ ആക്രമണമുണ്ടാകുന്നതിനുമുമ്പേ അവരുടെ പ്രദേശത്തുപോയി അവർക്കെതിരിൽ യുദ്ധം ചെയ്യാൻ തീരുമാനിച്ചു.**

**നബിﷺതിരുമേനി പൊതുവെ യുദ്ധകാര്യങ്ങൾ രഹസ്യമക്കിവെക്കുമായിരുന്നു. പക്ഷേ, ഖയ്ബർ യുദ്ധത്തിനുശേഷം തബൂക് യുദ്ധം എങ്ങനെയായിരുന്നുവെന്നാൽ, നബിﷺതിരുമേനി പൊതുവിളംബരം നടത്തി.**

**ഗഫറല്ലാഹു ലക്ക യാ ഉഥ്മാനു മാ അസ്റർത്ത വമാ അഅ്ലൻത വമാഹുവ കാഇനുൻ ഇലാ യൗമിൽ ഖിയാമത്തി മാ യുബാലീ മാ അമില ബഅ്ദഹാ "അല്ലാഹുവേ, ഉഥ്മാന്-അദ്ദേഹം രഹസ്യമായി ചെയ്ത കാര്യങ്ങളിലും പരസ്യമായി ചെയ്ത കാര്യങ്ങളിലും, ഖിയാമത്തുന്നാൾവരെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളിലും- നീ പാപമോചനം നല്കേണമേ. ഇതിനുശേഷം അദ്ദേഹം എന്തുചെയ്താലും അദ്ദേഹം വേവലാതിപ്പെടേണ്ടതില്ല."**

**അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ് അഹ് മദിയ്യ ജമാഅത്തിലെ ആളുകൾ സാമ്പത്തിക ത്യാഗത്തിന്റെ പ്രാധാന്യമെന്താണെന്ന് മനസ്സിലാക്കുന്നവരാണ്......സമ്പന്നന്മാരും കഴിവുള്ളവരും ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ എന്നിവരുടെ മാതൃക മുന്നിൽ വെക്കേണ്ടതാണ്. പിന്നീട് തങ്ങളുടെ ത്യാഗത്തിന്റെ നിലവാരം ഉയർത്തുകയും വേണം.**

**റബ്വയിലെ മഹ്ദി മസ്ജിദിൽ തീവ്രവാദികൾ നടത്തിയ ആക്രമണത്തിൽ പരിക്കേറ്റവർക്കുവേണ്ടി ദുആ ചെയ്യാനാഹ്വാനം.**

**അല്ലാഹു അവർക്കെല്ലാം രോഗശമനം നല്കുമാറാകട്ടെ. ഭാവിയിൽ എല്ലാവിധ ശർറിൽനിന്നും നഷ്ടങ്ങളിൽ നിന്നും എല്ലാ സ്ഥലത്തും ജമാഅത്തംഗങ്ങളെ രക്ഷിക്കുമാറാകട്ടെ.**

**തബൂക് യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നബിചരിത്രത്തിന്റെ വിവരണം**

**മാർഷൽ ദ്വീപിൽ നിന്നുള്ള സാം അലി നൈന സാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബ് നമസ്കാരവും.**

**ഖുത്ബ ജുമുഅ 2025 ഒക്ടോബർ 17, 1404 അഖാഅ് 17 മസ്ജിദ് മുബാറക് ഇസ്ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ ○ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ ○
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ ○ الرَّحْمٰنِ الرَّحِیْمِ ○ مٰلِکِ یَوْمِ الدِّیْنِ ○ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ ○
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ ○ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ ۬ۙ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ ○

കഴിഞ്ഞ ഖുത്ബയിൽ തബൂക്ക് യുദ്ധത്തെക്കുറിച്ച് സംക്ഷിപ്തമായി വിവരിച്ചിരുന്നു. അതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ ഞാൻ ഇന്ന് വിവരിക്കുന്നതാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്رضي الله عنه ഈ യുദ്ധത്തിന്റെ, അതായത് തബൂക്ക് യുദ്ധത്തിന്റെ പശ്ചാത്തലം വിശദീകരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:"നബിﷺ തിരുമേനി മക്ക കീഴടക്കിയ സമയത്ത് അവിടെ ഖസ്റജ് ഗോത്രക്കാരനായ അബൂആമിർ മദനി എന്ന ഒരുവ്യക്തിയുണ്ടായിരുന്നു. ജൂതന്മാരുമായും ക്രിസ്ത്യാനികളുമായും ബന്ധമുണ്ടായിരുന്നതിനാൽ ദിക്റുകളും (ദൈവ സ്മരണകളും) മറ്റു കർമങ്ങളും പതിവാക്കിയിരുന്നതിനാൽ ആളുകൾ അയാളെ റാഹിബ്(പാതിരി)എന്ന് വിളിച്ചിരുന്നു. എന്നാൽ, മതപരമായി ക്രിസ്ത്യാനി അല്ലാത്ത ഒരു വ്യക്തിയായിരുന്നു അബൂആമിർ മദനി. നബിﷺതിരുമേനി മദീനയിലെത്തിയശേഷം ഈ വ്യക്തി മക്കയിലേക്ക് ഓടിപ്പോയിരുന്നു. മക്കയും കീഴടക്കപ്പെട്ടപ്പോൾ, ഇസ്ലാമിന്നെതിരെ കുഴപ്പങ്ങളുണ്ടാക്കാൻ തനിക്ക് ഇനി മറ്റെന്തെങ്കിലും തന്ത്രം മെനയേണ്ടിവരുമെന്ന് അയാൾ ചിന്തിക്കാൻ തുടങ്ങി. ഒടുവിൽ, അയാൾ തന്റെ പേരും രീതിയും മാറ്റി, മദീനയുടെ അടുത്തുള്ള ഖുബാ എന്ന് പേരുള്ള ഗ്രാമത്തിൽച്ചെന്ന് താമസിക്കാൻ തുടങ്ങി. വർഷങ്ങളോളം പുറത്തു കഴിഞ്ഞതിനാലും രൂപത്തിലും വേഷത്തിലും മാറ്റങ്ങൾ വരുത്തിയതിനാലും മദീനയിലെ സാധാരണക്കാർക്ക് അയാളെ തിരിച്ചറിയാൻ കഴിഞ്ഞില്ല. അയാൾ ബന്ധം സ്ഥാപിച്ചിരുന്ന കപട വിശ്വാസികൾക്ക് (മുനാഫിഖുകൾക്ക്) മാത്രമേ അയാളെ അറിയാമായിരുന്നുള്ളൂ.

ഇയാൾ മദീനയിലെ മുനാഫിഖുകളുമായി ചേർന്ന് ഒരു പദ്ധതി ആസൂത്രണം ചെയ്തു: 'ഞാൻ സിറിയയിൽ പോയി ക്രിസ്ത്യൻ ഭരണകൂടത്തെയും അറബികളായ ക്രിസ്ത്യൻ ഗോത്രങ്ങളെയും പ്രകോപിപ്പിക്കുകയും മദീനയെ ആക്രമിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യാം. ഇവിടെ നിങ്ങൾ സിറിയയിലെ സൈന്യം മദീനയെ ആക്രമിക്കാൻ ഒരുങ്ങുകയാണെന്ന് പ്രചരിപ്പിച്ചു കൊള്ളുക. മദീനയിലെ മുനാഫിഖുകൾ ഈ പ്രചാരണം ആരംഭിക്കേണ്ടതാണ്. എന്റെ പദ്ധതി വിജയിക്കുകയാണെങ്കിൽ, ഇരുവിഭാഗങ്ങളും ഏറ്റുമുട്ടുകയും അവർക്കിടയിൽ യുദ്ധമുണ്ടാകുകയും ചെയ്യും. ഇനി എന്റെ പദ്ധതി വിജയിച്ചില്ലെങ്കിൽപ്പോലും, ഈ കിംവദന്തികൾ കാരണം

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin